# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം/പി11/876/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 03/09/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

Minis

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം/പി11/876/25 തീയ്യതി: 03/09/2025

## എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു പി കെ | ഡെപ്യൂട്ടി ഡയറക്ടർ | 16-07-2025 | 25-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-07-2025 | 25-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ടെസ്സി എം., ഓഡിറ്റ് ഓഫീസർ

ശ്രീ. പ്രസാദ് പി.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ജമീലബീവി എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. മുഹമ്മദ് സഫ്‌വാൻ എം., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജയ മുരളീധരൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി വിജയലക്ഷ്മി പി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 28-04-2024 |
| ശ്രീമതി നിസാമോൾ എം പി | സെക്രട്ടറി | 29-04-2024 | 03-12-2024 |
| ശ്രീ സുരേഷ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-12-2024 | 11-12-2024 |
| ശ്രീമതി അന്ന കര്യാക്കോസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-12-2024 | 07-01-2025 |
| ശ്രീമതി ഷീല ടി പി | സെക്രട്ടറി | 08-01-2025 | 09-01-2025 |
| ശ്രീമതി അന്ന കര്യാക്കോസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-01-2025 | 19-01-2025 |
| ശ്രീമതി ഷീല ടി പി | സെക്രട്ടറി | 20-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 01-10-2024 |
| ശ്രീ സുരേഷ് കെ | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2024 | 27-10-2024 |
| ശ്രീമതി അന്ന കര്യാക്കോസ് | അസിസ്റ്റന്റ് സെക്രട്ടറി | 28-10-2024 | 31-03-2025 |
| ഡോ ജി സുനിൽ | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ഡോ പുഷ്പ പി വി | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2024 | 31-03-2025 |
| ഡോ. റീജ എൽ ജെ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീ സാബിക് ടി എസ് | വി.ഇ.ഒ ചെങ്ങമനാട് സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ ശിവൻ കെ കെ | വി.ഇ.ഒ ദേശം സർക്കിൾ | 01-04-2024 | 19-04-2024 |
| ശ്രീ നീതു പടയാട്ടിൽ | വി.ഇ.ഒ ദേശം സർക്കിൾ | 20-04-2024 | 06-01-2025 |
| ശ്രീ ശ്രീനാഥ് സി ആർ | വി.ഇ.ഒ ദേശം സർക്കിൾ | 07-01-2025 | 31-03-2025 |
| ശ്രീമതി സീജ കെ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 07-09-2024 |
| ശ്രീമതി നബീല എം ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 08-09-2024 | 31-03-2025 |
| ശ്രീ നിഖിൽ പി ജി | കൃഷി ഓഫീസർ | 01-04-2024 | 04-04-2024 |
| ശ്രീമതി ഷീബ എം എ | കൃഷി ഓഫീസർ | 05-04-2024 | 24-05-2024 |
| ശ്രീമതി രജിത ആർ | കൃഷി ഓഫീസർ | 25-05-2024 | 31-07-2024 |
| ശ്രീമതി സാബിറ ബീവി | കൃഷി ഓഫീസർ | 01-08-2024 | 04-08-2024 |
| ശ്രീമതി സ്വപ്ന തോമസ് | കൃഷി ഓഫീസർ | 05-08-2024 | 31-03-2025 |
| ശ്രീമതി സുനിത കമാരി കെ കെ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി സലീന എം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 07-08-2024 |
| ശ്രീമതി ഹരിത സുരേഷ് | ഐ സി ഡി എസ് സൂപ്പർവൈസർ | 08-08-2024 | 31-03-2025 |
| ശ്രീമതി സ്മിത കെ ബി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ഷൈനി ജോർജ് എൻ | ഹെഡ് മിസ്ട്രസ് | 01-04-2024 | 11-06-2024 |
| ശ്രീ ബിജു ഡിക്രൂസ് | ഹെഡ് മാസ്റ്റർ | 12-06-2024 | 31-03-2025 |
| ശ്രീമതി ഉമ്മു ഹബീബ കന്നാത്ത് നട്ടത്തോടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 06-06-2024 |
| ശ്രീമതി ഫാത്തിമ പി കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-06-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്. | 1-1-4 |
| 6 | വിധവ പെൻഷൻ ചെലവ് -തെറ്റായി രേഖപ്പെടുത്തി | 1-1-5 |
| 7 | വികലാംഗ പെൻഷൻ ചെലവ് - തെറ്റായി രേഖപ്പെടുത്തി | 1-1-6 |
| 8 | ഡെപ്പോസിറ്റ് വർക്കിനായി മുൻകൂർ നിക്ഷേപിച്ച തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | റിഡംപ്ഷൻ തുക തിരികെ ലഭിക്കാനുള്ളത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല. | 1-1-8 |
| 10 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്ന ശീർഷകത്തിൽ ആകെ റവന്യൂ ചെലവ് രേഖപ്പെടുത്തി. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | വസ്തു നികുതി- ഭീമമായ തുക കുടിശ്ശിക | 1-10 |
| 20 | വസ്തു നികുതി - തെറ്റായി നികുതി നിർണയിച്ചു. | 1-11 |
| 21 | പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയില്ല | 1-12 |
| 22 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത | 1-13 |
| 23 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ചു | 1-14 |
| 24 | സബ്സിഡി മാനദണ്ഡത്തിനു വിരുദ്ധമായി തുക നൽകി - 8000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 25 | ഹോമിയോമരുന്നു വാങ്ങൽ - തുക നൽകി - മരുന്നുകൾ ലഭിച്ചില്ല 200000/- രൂപയുടെ ചെലവുകൾ തടസ്സത്തിൽ വയ്ക്കുന്നു. | 1-16 |
| 26 | പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ ലഭ്യമായില്ല - ₹1,38,580/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 27 | വിവിധ വാർഡുകളിലെ ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കൽ-അടവാക്കിയ തുകയ്ക്ക് ആനുപാതികമായ എണ്ണം ടാപ്പുകൾ നീക്കം ചെയ്തിട്ടില്ല. | 1-18 |
| 28 | അദർ ലയബിലിറ്റി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-19 |
| 29 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കൽ - പൂർണ്ണസജ്ജമായിട്ടില്ല | 1-20 |
| 30 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 5000/- രൂപ ലൈസൻസ് ഫീ അടവാക്കി | 1-21 |
| 31 | ഓണം അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-22 |
| 32 | മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ - വിനിയോഗിക്കാതെ അവശേഷിക്കുന്നു. | 1-23 |
| 33 | റിഡംപ്ഷൻ തുക -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-24 |
| 34 | എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-25 |
| 35 | കോമ്പൗണ്ട് വാൾ നിർമ്മാണം - രണ്ട് നില വരെയുള്ള സൂപ്പർ സ്ട്രക്ചർ ഡേറ്റയുടെ നിരക്ക് അനുവദിച്ചു-നഷ്ടം 5,941/- രൂപ. | 1-26 |

| | | |
|---|---|---|
| 36 | ഇന്റർലോക്ക് റോഡ് -ഡിഫക്ട് ലയബിലിറ്റി പീരീഡ് കുറവായി രേഖപ്പെടുത്തി. | 1-27 |
| 37 | റോഡ് റീസ്റ്റോറേഷൻ പ്രവൃത്തി-എസ്റ്റിമേറ്റിലെ വ്യത്യാസം വാട്ടർ അതോറിറ്റിയെ അറിയിക്കേണ്ടതാണ്. | 1-28 |
| 38 | പൂവർസർവ്വീസ് പ്രവൃത്തികൾക്ക് കരാറുകാരന് ജിഎസ്ടി അനുവദിച്ചു . | 1-29 |
| 39 | പണമിടപാടുകളില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-30 |
| 40 | മുൻകൂർ തുകകൾ ക്രമീകരിക്കേണ്ടതാണ്. | 1-31 |
| 41 | മുൻ വർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികൾ -ക്രമീകരിച്ചിട്ടില്ല. | 1-32 |
| 42 | ജൽ ജീവൻ മിഷൻ-അവലോകനം | 1-33 |
| 43 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കോമ്പൗണ്ട് വാൾ നിർമ്മാണം -രണ്ട് നില വരെയുള്ള സൂപ്പർ സ്ട്രക്ചർ ഡേറ്റയുടെ നിരക്ക് അനുവദിച്ചു-നഷ്ടം 5,941/- രൂപ. | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് വിവരം | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **18.06.2025-ലെ 3(1)** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **30.06.2025** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025** ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ചെങ്ങമനാട്** ഗ്രാമപഞ്ചായത്തിന്റെ **2024-25** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം
**തീയതി: 03.09.2025**

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹88,88,446/- ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating, Investing, Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹62,78,210/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം, അക്കൗണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്.

### 1-1-4 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം (7) പ്രകാരം ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം അനുബന്ധ രേഖകൾ ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1-5 വിധവ പെൻഷൻ ചെലവ് -തെറ്റായി രേഖപ്പെടുത്തി

വിധവ പെൻഷൻ ഇനത്തിൽ തൻവർഷം 1,74,00,500/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 1,73,98,400/- രൂപ എന്ന് തെറ്റായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

### 1-1-6 വികലാംഗ പെൻഷൻ ചെലവ് - തെറ്റായി രേഖപ്പെടുത്തി

വികലാംഗ പെൻഷൻ ഇനത്തിൽ തൻവർഷം 46,97,500/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 46,94,500/- രൂപ എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-7 ഡെപ്പോസിറ്റ് വർക്കിനായി മുൻകൂർ നിക്ഷേപിച്ച തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കിനായി മുൻകൂർ നിക്ഷേപിച്ച 9,40,000/- രൂപ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-8 റിഡംപ്ഷൻ തുക തിരികെ ലഭിക്കാനുള്ളത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല.

മുൻ വർഷം റിഡംപ്ഷൻ ഇനത്തിൽ തിരികെ ലഭിക്കാനുണ്ടായിരുന്ന തുക 39,85,059/- രൂപ തിരികെ ലഭ്യമായിട്ടില്ല. എന്നാൽ ഈ തുക 2024-25 ലെ വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ ബി -15 ലെ ഹെഡ് 431500199-Receivables Of Redemption -എന്ന ഹെഡിൽ തിരികെ ലഭിക്കാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്ന ശീർഷകത്തിൽ ആകെ റവന്യൂ ചെലവ് രേഖപ്പെടുത്തി.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവ് 17,86,777/- രൂപയും ആകെ റവന്യൂ ചെലവ് 1,52,20,269/- രൂപയുമാണ്. എന്നാൽ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്ന ശീർഷകത്തിൽ ആകെ റവന്യൂ ചെലവായ 1,52,20,269/- രൂപയാണ് രേഖപ്പെടുത്തിയിരുന്നത്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 07.02.2024 ലെ 1(2)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി 06.03.2025 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരിപ്പ് (₹) | 21,926,235 | 4,68,82,298 |
| വരവ് (₹) | 25,73,97,700 | 21,47,86,226 |
| ആകെ (₹) | 27,93,23,935 | 26,16,68,524 |
| ചെലവ് (₹) | 27,39,98,327 | 22,74,99,746 |
| നീക്കിയിരിപ്പ് (₹) | 53,25,608 | 3,41,68,778 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | ₹4,46,85,922 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹7,06,95,227 |
| ആകെ | : | ₹11,53,81,149 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹6,18,06,781 |
| നീക്കിയിരുപ്പ് | : | ₹5,35,74,368 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യ പത്രികയിലെ റസിപ്റ്റ് & പേയ്മെന്റ് പത്രികയിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ട്രഷറി മുഖേന ലഭിക്കുന്ന ഗ്രാന്റ്, ഗുണഭോക്താക്കൾക്ക് സർക്കാർ നേരിട്ട് കൈമാറുന്ന സാമൂഹ്യ ക്ഷേമ പെൻഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ വരവ് ചെലവ് കണക്കുകൾ തുടർന്ന് വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് പ്രകാരം വരവ് (₹) | ആകെ (₹) | ചെലവ് (₹) | ലാപ്സായ തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,73,99,000 | 1,73,99,000 | 1,73,99,000 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 60,38,000 | 60,38,000 | 60,38,000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2,01,36,000 | 2,01,36,000 | 1,61,36,488 | 39,99,512 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 63,74,000 | 63,74,000 | 55,73,229 | 8,00,771 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക്-ബാങ്ക്) | 18,26,294 | 31,05,540 | 49,31,834 | 35,31,138 | 0 | 14,00,696 |
| ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്-ബാങ്ക്) | 14,73,616 | 66,25,000 | 80,98,616 | 29,67,191 | 0 | 51,31,425 |
| ടൈഡ്-ട്രഷറി | 0 | 15,75,137 | 15,75,137 | 11,97,833 | 3,77,304 | 0 |
| 320100125 ഐ.സി.ഡി.എസ്. | 9,76,912 | 0 | 9,76,912 | 9,76,912 | 0 | 0 |
| 320100196 ഐ.സി.ഡി.എസ്. | 0 | 22,40,477 | 22,40,477 | 3,98,165 | 0 | 18,42,312 |
| ഐ.സി.ഡി.എസ് (ആകെ) | 9,76,912 | 22,40,477 | 32,17,389 | 13,75,077 | 0 | 18,42,312 |
| 320100149 നാഷണൽ റൂറൽ ഹെൽത്ത് മിഷൻ | 5,00,000 | 0 | 5,00,000 | 4,83,641 | 0 | 16,359 |
| 320100152 മറ്റ് സ്കീമുകൾ | 3,346 | 0 | 3,346 | 0 | 0 | 3,346 |
| 320100160 റൂറൽ ഹൗസിങ് ഫോർ ഓൾ | 11,32,637 | 23,00,000 | 34,32,637 | 3,96,551 | 0 | 30,36,086 |
| 320100181 ടോട്ടൽ സാനിറ്റേഷൻ | 120 | 0 | 120 | 0 | 0 | 120 |
| 320100190 വിമുക്തി ഗ്രാന്റ് | 36,150 | 0 | 36,150 | 0 | 0 | 36,150 |
| 320100191 നിർമ്മൽ പുരസ്കാരം | 4,45,114 | 0 | 4,45,114 | 0 | 0 | 4,45,114 |
| 320100197 ലിറ്ററസി ഗ്രാന്റ് | 14,900 | 415 | 15,315 | 0 | 0 | 15,315 |
| 320100198 ശുചിത്വ മിഷൻ | 9,24,835 | 0 | 9,24,835 | 0 | 0 | 9,24,835 |
| 320100202 ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 9,88,136 | 4,25,725 | 14,13,861 | 3,78,082 | 0 | 10,35,779 |
| 320100203 ഹെൽത്ത് ഗ്രാന്റ് - ബിൽഡിംഗ് ലെസ്സ് സബ് സെന്റർ | 28,14,519 | 76,602 | 28,91,121 | 0 | 0 | 28,91,121 |
| 320100204 ഹെൽത്ത് ഗ്രാന്റ് - വെൽനെസ്സ് സെന്റർ | 3,93,945 | 6,45,670 | 10,39,615 | 3,07,547 | 0 | 7,32,068 |
| 320200399 സ്പെസിഫിക് പർപ്പസ് | 1,00,000 | 1,00,000 | 2,00,000 | 0 | 0 | 2,00,000 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്- അദർ പർപ്പസ് - ദുരന്ത നിവാരണം | | | | | | |
| 320300199 അദർ ഗവ. ഏജൻസീസ് | 5,400 | 0 | 5,400 | 0 | 0 | 5,400 |
| 320700204 സംയുക്ത പ്രോജക്റ്റ് - ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ ചെലവ്) | 16,76,548 | 0 | 16,76,548 | 16,76,548 | 0 | 0 |
| 320700205 സംയുക്ത പ്രോജക്റ്റ് - ജില്ലാ പഞ്ചായത്ത് (റവന്യൂ ചെലവ്) | 21,26,764 | 0 | 21,26,764 | 21,26,764 | 0 | 0 |
| 320900102 പകർച്ചവ്യാധി നിയന്ത്രണം | 1,16,903 | 980 | 1,17,883 | 1,05,613 | 0 | 12,270 |
| 311100101 ദുരിതാശ്വാസ നിധി | 9,756 | 394 | 10,150 | 0 | 0 | 10,150 |

കുറിപ്പ്

1) **വികസന ഫണ്ട് (ജനറൽ)**-ജി.ഒ.പ്രോജക്റ്റ്- 27,44,597/-രൂപ

2) **വികസന ഫണ്ട് (എസ്.സി.പി)**-ജി.ഒ.പ്രോജക്റ്റ്- 1,44,628/- രൂപ

3) **വികസന ഫണ്ട് (ജനറൽ)**-ക്യാപിറ്റൽ കോൺട്രിബ്യൂഷൻ-5,96,046/- രൂപയിൽ 2,05,325/- രൂപ തൻവർഷത്തേതും 3,90,721/- രൂപ മുൻവർഷം തെറ്റായ ഹെഡിൽ രേഖപ്പെടുത്തിയിരുന്നത് ജേണൽ എൻട്രി വരുത്തിയതുമാണ്.

4) **നാഷണൽ റൂറൽ ഹെൽത്ത് മിഷൻ-** ചെലവ് - 4,83,641/- രൂപയിൽ തൻവർഷത്തെ ചെലവ് - 2,77,840/- രൂപയാണ്. 2,05,801/- രൂപ മുൻവർഷത്തെ ചെലവ് തെറ്റായ ഹെഡിൽ രേഖപ്പെടുത്തിയിരുന്നത് ജേണൽ എൻട്രി വരുത്തിയതാണ്.

5) **സംയുക്ത പ്രോജക്റ്റ് മുന്നിരിപ്പ് -** 38,03,312/- (16,76,548+21,26,764) രൂപ റിഡംപ്ഷൻ ഇനത്തിൽ ചെലവായതാണ്.

6) **പകർച്ചവ്യാധി നിയന്ത്രണം വരവ്** - 980/- രൂപയിൽ 332/- രൂപ തൻവർഷത്തെ പലിശ വരവും 648/- രൂപ മുൻവർഷത്തെ പലിശ ഉൾപ്പെടുത്താതിരുന്നത് ജേണൽ എൻട്രി വരുത്തിയതുമാണ്.

7) **പകർച്ചവ്യാധി നിയന്ത്രണം ചെലവ്** - 1,05,613/- രൂപ മുൻവർഷത്തെ ചെലവ് തെറ്റായ ഹെഡിൽ രേഖപ്പെടുത്തിയിരുന്നത് ജേണൽ എൻട്രി വരുത്തിയതാണ്.

8) **സംരക്ഷണ ഗ്രാന്റ് റോഡിതരം** – ക്യാപിറ്റൽ കോൺട്രിബ്യൂഷൻ – ₹7,23,527/-

9) ധനകാര്യ കമ്മീഷൻ അവാർഡ് – ബേസിക് വരവ് – ₹29,31,000/-, പലിശ – ₹1,74,540/-

10) ധനകാര്യ കമ്മീഷൻ അവാർഡ് – ടൈഡ് – ക്യാപിറ്റൽ കോൺട്രിബ്യൂഷൻ – ₹7,81,625/-

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | പദ്ധതി ചെലവ് ₹ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 268 | 16,56,14,586* | 6,97,63,710 | 168 | 86 | 14 | 62.69% |

* സുലേഖ ചെലവ് പത്രിക പ്രകാരം അടങ്കൽ 16,27,25,361/- രൂപയാണ്. എന്നാൽ വികസനഫണ്ടിൽ നിന്നും സർക്കാർ വിവിധ ഇനങ്ങളിൽ നേരിട്ട് കുറവ് ചെയ്ത തുകകളുടെ (ജി.ഒ പ്രോജക്റ്റ്) അടങ്കൽ തുക

ഈ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ചെലവ് 28,89,225/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ചെലവ് തുക കൂടി അടങ്കലായി പരിഗണിച്ചാണ് ഈ തുക കണക്കാക്കിയത്.

| പ്രോജക്ട് | തുക ₹ |
|---|---|
| 312/25 ലൈഫ് ഭവന പദ്ധതി (എസ് സി പി)വായ്പ തിരിച്ചടവ് | 71,942 |
| 310/25 ലൈഫ് ഭവന പദ്ധതി (എസ് സി പി) വായ്പ തിരിച്ചടവ് | 72,686 |
| 309/25 ലൈഫ് ഭവന പദ്ധതി (ജനറൽ)വായ്പ തിരിച്ചടവ് | 7,58,606 |
| 311/25 ലൈഫ് ഭവന പദ്ധതി (ജനറൽ)വായ്പ തിരിച്ചടവ് | 7,59,591 |
| 308/25 അങ്കണവാടി ജീവനക്കാർക്ക് പ്രതിഫലം | 12,26,400 |
| **ആകെ** | **28,89,225** |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1,298** | 20,96,216 | 20,97,514 | 17,86,777 | 3,10,737 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 1,47,33,668* | 1,47,33,668* | 1,47,33,668* | 0 |
| **ആകെ** | 1,298 | 1,68,29,884 | 1,68,31,182 | 1,65,20,445*** | 3,10,737 |

*ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കൂടി ഉൾപ്പെട്ട തുകയാണ്.

** മുന്നിരിപ്പ് ബാങ്ക് അക്കൗണ്ട് പ്രകാരം 1,369/- രൂപയാണ്. വ്യത്യാസം 71/- രൂപ മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്.

*** ആകെ ചെലവ് = റവന്യൂ ചെലവ് – 15220269 + ക്യാപിറ്റൽ കോൺട്രിബ്യൂഷൻ – 1300176 = 1,65,20,445/-

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 58,56,400 | 382 |
| വിധവപെൻഷൻ | 1,74,00,500 | 1135 |
| വാർദ്ധക്യകാല പെൻഷൻ | 3,71,61,400 | 2637 |
| വികലാംഗ പെൻഷൻ | 46,97,500 | 298 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 7,31,000 | 46 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90,000 | 3 |

കുറിപ്പ്

വിധവ പെൻഷൻ 1,74,00,500/- രൂപയും, വികലാംഗ പെൻഷൻ 46,97,500/- രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ യഥാക്രമം 1,73,98,400/-രൂപ, 46,94,500/-രൂപ എന്നി തുകകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2025 തീയതിയിൽ ഉച്ചയ്ക്ക് 3 മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹980.00 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ ആഭ്യന്തര നിയന്ത്രണം മെച്ചപ്പെടുത്തേണ്ടതുണ്ട്.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. തനതുഫണ്ട് വരവുകൾ കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടാകുന്നുണ്ട്.

3. പണമിടപാടുകൾ ശരിയായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനമില്ല.

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. നടപ്പാക്കപ്പെട്ട മരാമത്ത് പ്രവൃത്തികളിൽ സ്പിൽഓവർ പ്രവൃത്തികളുടെ എണ്ണം കൂടുതലായി കാണപ്പെടുന്നു. അതാത് വർഷം തന്നെ പൂർത്തീകരിക്കപ്പെടാവുന്ന രീതിയിൽ മരാമത്ത് പ്രവൃത്തികളുടെ എണ്ണം പരിമിതപ്പെടുത്താവുന്നതാണ്.

6. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിറ്ററിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിറ്ററിംഗിലൂടെ സാധ്യമാകുന്നത്. മോണിറ്ററിങ്ങ് നടത്തേണ്ട ഉത്തരവാദിത്വം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിറ്ററിംഗ് റിപ്പോർട്ടായി പല പ്രോജക്റ്റുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിറ്ററിംഗ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 വസ്തു നികുതി- ഭീമമായ തുക കടിശ്ശിക

സഞ്ചയ സോഫ്റ്റ്‌വെയർ, ധനകാര്യപത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2024-25 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക പരിശോധിച്ചതിൽ ബി – 15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിനത്തിലെ ആകെ കടിശ്ശിക 28,08,983 രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഹെഡ് | തുക(₹) |
|---|---|---|
| 1 | പാർപ്പിട കെട്ടിടങ്ങളുടെ വസ്തു നികുതി കടിശ്ശിക (തൻവർഷം) | 8,28,808.00 |
| 2 | പാർപ്പിട കെട്ടിടങ്ങളുടെ വസ്തു നികുതി കടിശ്ശിക (മുൻവർഷങ്ങളിലേത്) | 7,15,424.00 |
| 3 | പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി കടിശ്ശിക (തൻവർഷം) | 5,34,953.00 |
| 4 | പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി കടിശ്ശിക (മുൻവർഷങ്ങളിലേത്) | 7,29,798.00 |
| | ആകെ | 28,08,983.00 |

2. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൻ പ്രകാരം ചില കെട്ടിടങ്ങളിൽ നിന്നും വൻ തുക വസ്തുനികുതി കുടിശ്ശികയുള്ളതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | കുടിശ്ശിക |
|---|---|---|---|
| 1 | 6/340 J | മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്, കോട്ടയം | 4,18,856 |
| 2 | 6/340 C | | 20,716 |
| 3 | 6/340 I | | 20,947 |
| 4 | 6/340 F | | 16,478 |
| 5 | 6/342 A | ജെയിംസ് ജേക്കബ്, എബ്ബി ജേക്കബ് & നൈസ് ജേക്കബ്, പാറക്കൽ വീട്,ആലുവ | 88,063 |
| 6 | 16/314 A | അച്യുത് എ ജോയി, ജിൻസു ശങ്കർ | 52,957 |

മേൽ പരാമർശങ്ങളുമായി ബന്ധപെട്ട 23.07.2025 ന് നൽകിയ 20-ാം നമ്പർ എൻക്വയറിക്ക് കുടിശ്ശിക പിരിച്ചെടുക്കുന്നതിനും റവന്യൂ റിക്കവറി ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ് എന്ന് മറുപടി ലഭിച്ചു. ആയതിനാൽ വസ്തു നികുതിയിൽ കുടിശ്ശിക വന്ന തുക ഈടാക്കാൻ നടപടി ഊർജ്ജിതമാക്കേണ്ടതും ആയതു ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

**1-11 വസ്തു നികുതി – തെറ്റായി നികുതി നിർണയിച്ചു.**

വസ്തുനികുതി നിരക്ക് സംബന്ധിച്ച് കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 22-03-2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 77/2023/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് 30-06-2023 ലെ SC2 -3335/23 നമ്പർ വിജ്ഞാപന പ്രകാരം പുതുക്കിയ വസ്തുനികുതി നിരക്ക് 01-04-2023 തീയതി മുതൽ പ്രാബല്യത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ വസ്തുനികുതി തെറ്റായി നിർണയിച്ചതായി കാണുന്നു.

1. വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ - 100 ച.മീ മുകളിൽ 500 ച.മീ വരെയുള്ള എന്നതിന് പകരം, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ - 100 ച.മീ വരെയുള്ളവ എന്ന് തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിരിക്കുന്നത്.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം (ച. മീ) | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി നിരക്ക് (രൂപ / ച. മീ) | ഈടാക്കിയ വസ്തു നികുതി നിരക്ക് (രൂപ / ച. മീ) | നിലവിൽ ഈടാക്കിയ ആകെ തുക | ഈടാക്കേണ്ടിയിരുന്ന വാർഷിക വസ്തു നികുതി (രൂപ) | വ്യത്യാസം (രൂപ) |
|---|---|---|---|---|---|---|---|---|
| 1 | 6/21A | മുജീബ് ഒ എം | 127.82 | 73.5 | 52.5 | 7382 | 127.82 X 73.5 – 939.477 (ഇളവ് മേൽക്കൂര -10%) + 1878.954 (വഴി സൗകര്യം 20% വർദ്ധനവ്) =10,335 | 2,953/- |

2. പാർപ്പിടാവശ്യം - സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ന് മുകളിലുള്ളവ എന്നതിന് പകരം പാർപ്പിടാവശ്യം - സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300ച.മീ. വരെയുള്ളവ എന്ന് തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിരിക്കുന്നത്.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം (ച. മീ) | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി നിരക്ക് (രൂപ / ച. മീ) | നിർണ്ണയിച്ച വസ്തു നികുതി നിരക്ക് (രൂപ / ച. മീ) | നിർണ്ണയിച്ച വസ്തുനികുതി (രൂപ) | നിർണ്ണയിക്കേണ്ടിയിരുന്ന വാർഷിക വസ്തു നികുതി (രൂപ) | വ്യത്യാസം (രൂപ) |
|---|---|---|---|---|---|---|---|---|
| 1 | 4/353 /B | ബിബിൻ ആനന്ദൻ | 403.43 | 8.4 | 6.3 | 3178 | 403.43 X 8.4 – 338.8812 (ഇളവ് മേഖല-ദ്വിതീയം-10%,) + 508.3218 (തറ നിർമ്മിതി 15% വർദ്ധനവ്) + 677.7624 (വഴി സൗകര്യം 20% വർദ്ധനവ്) =4237 | 1,059/- |
| 2 | 15/226A | ഷാജഹാൻ | 325.51 | 8.4 | 6.3 | 2769 | 325.51x8.4 +410.1426 (തറ നിർമ്മിതി 15% വർദ്ധനവ്) + 546.8568 (വഴി സൗകര്യം 20% വർദ്ധനവ്) = 3692 /- രൂപ | 923/- |
| 3 | 17/336B | അനൂപ് മധു | 430.94 | 8.4 | 6.3 | 2851 | 430.94 X 8.4 – 361.9896 (ഇളവ് മേഖല-ദ്വിതീയം-10%,)+542.9844 (തറ നിർമ്മിതി 15% വർദ്ധനവ് ) =3801 | 950/- |
| 4 | 18/26 | അരുൺ ഹരി | 417.21 | 8.4 | 6.3 | 3403 | 2085 (നിലവിലെ നികുതി) + 199.21 X 8.4 – 167.3364 (ഇളവ് മേഖല-ദ്വിതീയം-10%, കാലപ്പഴക്കം -10%)+251.0046(തറ നിർമ്മിതി 15% വർദ്ധനവ്) =3843 | 440/- |

വസ്തുനികുതി തെറ്റായി നിർണയിച്ചതുമായി ബന്ധപ്പെട്ട നൽകിയ 16.07.2025 ലെ 1-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. വസ്തുനികുതി പുനർ നിർണയിച്ച് മുൻ വർഷങ്ങളിൽ കുറവ് വന്ന തുക ഈടാക്കുന്നതിന് നിലവിൽ കെ സ്മാർട്ടിൽ ഓപ്ഷൻ ഇല്ലാത്തതിനാൽ അപ്ഡേഷൻ വരുന്ന മുറക്ക് തുക ഈടാക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. വസ്തുനികുതി പുനർ നിർണയിച്ച് മുൻ വർഷങ്ങളിൽ കുറവ് വന്ന തുക ഈടാക്കുന്നതിന് കെ സ്മാർട്ടിൽ ഓപ്ഷൻ ഇല്ല എങ്കിൽ ആയതുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ പ്രൊവൈഡറിന് നിർദ്ദേശം നൽകാവുന്നതാണ്.

2. മുകളിൽ പരാമർശിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം പുതുക്കി നിശ്ചയിക്കേണ്ടതും ആയത് പ്രകാരമുള്ള വസ്തുനികുതി നിരക്ക് നിശ്ചയിച്ച് കുടിശ്ശിക വരുന്ന തുക ഉൾപ്പെടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3. കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്ന വേളയിൽ കൃത്യമായ ഉപയോഗക്രമത്തിലാണോ കെട്ടിടങ്ങളുടെ നികുതി നിശ്ചയിച്ചിരിക്കുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## <u>1-12 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയില്ല</u>

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 21 പ്രകാരം രണ്ട് നില വരെയുള്ള വാസഗൃഹങ്ങൾ, 50 ച. മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, G1, G2, I,

ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. കെട്ടിടനിർമ്മാണം പൂർത്തികരിച്ച് നമ്പർ നേടിയശേഷം ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ ഉപയോഗക്രമത്തിലും, വിസ്തീർണത്തിലും വരുത്തുന്ന മാറ്റങ്ങൾ തടയുന്നതിനായി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നതിലൂടെ സാധിക്കും. ഇത്തരത്തിൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/21.07.2025) മറുപടി ലഭ്യമാക്കിയില്ല. കൃത്യമായ ഇടവേളകളിൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി, പഞ്ചായത്തിന് നികുതിയിനത്തിൽ ലഭിക്കേണ്ട തനത് വരുമാനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത

2024-25 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് രജിസ്റ്റർ പ്രകാരം 516 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്ററുകൾ പ്രകാരം ആകെ 108 സ്ഥാപനങ്ങളാണുള്ളത്. ലൈസൻസ് എടുക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല.

2. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരടക്കം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

3. തൊഴിൽ നികുതി രജിസ്റ്ററിലെ രണ്ട് അർദ്ധ വർഷത്തിലെ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ പ്രകാരം ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി പൂർണമായും അടവാക്കിയില്ല എന്ന് കാണുന്നു. അടവാക്കാത്ത അർദ്ധ വർഷത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കോർഡിലാ ഇൻഫ്രാസ്ട്രക്ചർ | II |
| 2 | ഹിദായത്തുൽ ഇസ്ലാം | I & II |
| 3 | ടോപ്പോച് ഹെൽത്ത് കെയർ | II |
| 4 | എ ടി എസ് ഓട്ടോമൊബൈൽസ് | I & II |
| 5 | സതേൺ ഒഡിസി | II |
| 6 | ബിസ്മി ഹോളോ ബ്രിക്സ് | I & II |
| 7 | ഗ്രേ മാറ്റർ | II |

4. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ വർക്കുകൾ എടുത്തിട്ടുള്ള കരാറുകാർ ആരും തന്നെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

5. താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര്, തസ്തിക | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | എ ബി ടി പാർസൽ സർവീസ് | ഈശ്വരൻ കെ | II | 65360 | 600 | 750 | 150 |
| | | ശരത്ത് എസ് | II | 55308 | 450 | 750 | 300 |
| | | വിഷ്ണു ചന്ദ്രൻ എ | II | 40000 | 300 | 600 | 300 |

മേൽ പരാമർശങ്ങളുമായി ബന്ധപ്പെട്ട് 21.07.2025 ന് നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും എന്ന മറുപടിയാണ് ലഭിച്ചത്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. ലൈസൻസ് എടുക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്ത് തൊഴിൽ നികുതി കൃത്യമായി ഈടാക്കേണ്ടതുമാണ്.
2. ഗ്രാമപഞ്ചായത്തിൽ വർക്കുകൾ എടുത്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും ആയത് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3. തൊഴിൽ നികുതി കുറവായി അടവാക്കിയ ജീവനക്കാരിൽ നിന്നും ആ തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ചു

സ.ഉ(എം.എസ്)നം.97/2020/ധന. തീയതി 23-09-2020 ഉത്തരവ് പ്രകാരം ആരെങ്കിലും അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 00110102300269 നമ്പർ അക്കൗണ്ടിലേക്ക് (IFSC Code KSBK0000101) തിരിച്ചടയ്ക്കേണ്ടതാണ്.

താഴെ നൽകിയിരിക്കുന്ന ഗുണഭോക്താവിന് മരണ ശേഷവും പെൻഷൻ വിതരണം ചെയ്തതായി കാണുന്നു

| ക്രമ നം | പെൻഷണർ ഐ. ഡി | മരണപ്പെട്ട പെൻഷണറുടെ പേര് | മരണപ്പെട്ട തീയതി | അനർഹമായ കാലയളവ് | തിരികെ ഈടാക്കേണ്ട തുക | ഇപ്പോഴത്തെ സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 107000201629 | ഡൊമിനിക് കെ എസ് | 22/08/2024 | 2024 സെപ്റ്റംബർ മുതൽ 2024 ഡിസംബർ വരെ | 600x4=2400 | സസ്പെൻഡ് |

അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക തിരികെ ഈടാക്കിയിട്ടുണ്ടോ എന്ന വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/23.07.2025) മറുപടി ലഭ്യമാക്കിയില്ല.

2. ഡൊമിനിക് കെ എസ്. ന്റെ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് പെൻഷൻ (ഐ.ഡി നമ്പർ 2220130289) നിലവിലും ആക്ടീവ് ആയാണ് കാണുന്നത്. ടിയാന്റെ അക്കൗണ്ടിലേക്ക് നിലവിലും തുക കൈ മാറുന്നതായും സേവന സോഫ്റ്റ്‌വെയർ പ്രകാരം കാണുന്നു. ടി ഗുണഭോക്താവ് മരണപ്പെട്ട വിവരം അഗ്രികൾചറൽ ഓഫീസർ ചെങ്ങമനാട്-നെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/23.07.2025) മറുപടി ലഭ്യമാക്കിയില്ല.

3. ഈ പഞ്ചായത്തിന്റെ പരിധിയിൽ മരണപ്പെട്ടതായ മറ്റു പഞ്ചായത്തിലെ ചില ഗുണഭോക്താവിന്റെ പെൻഷൻ അക്കൗണ്ടിൽ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | പെൻഷണറുടെ പേര്/ ഐ.ഡി നമ്പർ | മരണപ്പെട്ട തീയതി | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | കളത്തിപ്പറമ്പിൽ ദേവസി ജോസ്, 101960200754 | 07 .11.2024 | നോർത്ത് പറവൂർ മുനിസിപ്പാലിറ്റി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ., നിലവിൽ സസ്പെൻഡ് |
| 2 | ഓമന അയ്യപ്പൻ, 106420600200 | 27.01 .2025 | മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്ത് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം. നിലവിൽ Active |

ടി ഗുണഭോക്താക്കൾ മരണപ്പെട്ട വിവരം പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/23.07.2025) മറുപടി ലഭ്യമാക്കിയില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. മേൽ സൂചിപ്പിച്ച പട്ടികയിൽ ചേർത്തിട്ടുള്ളത് ചില ഉദാഹരണങ്ങൾ മാത്രമാണ്. ആയതിനാൽ നാളിതുവരെ മരണപ്പെട്ട സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിച്ച് ആക്ടീവ് ആയ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്ത് തിരിച്ചടയ്ക്കാൻ തുകകളുണ്ടെങ്കിൽ മേൽ പട്ടികയിൽ ചേർത്തിട്ടുള്ള തുകകൾ ഉൾപ്പെടെ തിരികെ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കുവാൻ വേണ്ട തുടർനടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. മരണപ്പെട്ടവരുടെ വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കാലതാമസം കൂടാതെ അറിയിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

**1-15 സബ്സിഡി മാനദണ്ഡത്തിനു വിരുദ്ധമായി തുക നൽകി - 8000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ മുറ്റത്തൊരു മീൻതോട്ടം എന്ന പ്രോജക്റ്റിൽ ഓവർ ആയും പുതിയതായും നടപ്പാക്കിയിട്ടുണ്ട്. ഈ രണ്ടു പ്രോജക്ടിലും ഉൾപ്പെടുത്തി ഒരു കുടുംബത്തിന് രണ്ടു പ്രാവശ്യം ധനസഹായം നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ, അടങ്കൽ | ആകെ ചെലവ് | ബിൽനമ്പർ/തീയതി | ഒരു വീട്ടിലേക്ക് നൽകിയ ചെലവ് തുക | ഫണ്ടിനം |
|---|---|---|---|---|
| എസ്00168/25, 100000/- | 32000 | 24110452022800158680/9.5.24 | 8000 | തനത് ഫണ്ട് |
| എസ്127/25, 100000/- | 32000 | 22401326/22.3.25 | 8000 | പദ്ധതി വിഹിതം ജനറൽ |

പ്രോജക്റ്റ് നമ്പർ എസ്00168/25 പ്രകാരമുള്ള അപേക്ഷകൻ ശ്രീ സജീവൻ എം ജി യുടെയും പ്രോജക്റ്റ് നമ്പർ എസ്127/25 പ്രകാരമുള്ള അപേക്ഷക ശ്രീമതി ബിന്ദു വിന്റെയും അപേക്ഷകളിലെ ഭൂമിയുടെ സർവ്വേ നമ്പർ 310/17, റേഷൻ കാർഡ് നമ്പർ 1736078287 എന്നിങ്ങനെ ഒന്നുതന്നെയാണ്. ഒരാൾക്ക് 8000/- രൂപയാണ് തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായി നൽകിയിരിക്കുന്നത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിന് ഒരു യൂണിറ്റ് മാത്രമേ അനുവദിക്കാവൂ. കുളം കുഴിക്കുന്നതിനും പമ്പ് സെറ്റ്, ഷീറ്റ് മുതലായ അനുബന്ധ ഉപകരണങ്ങൾക്കെല്ലാംകൂടിയാണ് തുക കണക്കാക്കിയിരിക്കുന്നത്. മത്സ്യവിത്ത് ഫിഷറീസ് വകുപ്പിൽനിന്നും സൗജന്യമായാണ് ലഭിക്കുന്നത് എന്നതിനാൽ കുളം കുഴിക്കുന്നതിനും മറ്റും വീണ്ടും ഒരു കുടുംബത്തിലേക്ക് തുക നൽകിയത് സബ്സിഡി മാനദണ്ഡത്തിനു വിരുദ്ധമാണ്. ഇതു സംബന്ധിച്ച് 21.7.25 ൽ 14 -ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല.

സബ്സിഡി മാനദണ്ഡത്തിനു വിരുദ്ധമായി തുക നൽകിയതിനാൽ അധികമായി നൽകിയ 8000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-16 ഹോമിയോമരുന്നു വാങ്ങൽ - തുക നൽകി - മരുന്നുകൾ ലഭിച്ചില്ല 200000/- രൂപയുടെ ചെലവുകൾ തടസ്സത്തിൽ വയ്ക്കുന്നു.**

ഹോമിയോ മെഡിക്കൽ ഓഫീസർ നിർഹണ ഉദ്യോഗസ്ഥനായി ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്റ്റ് നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 64/25 |
| അടങ്കൽ | 200000/-, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| ചെലവ് | 200000/- |
| ബിൽ നമ്പർ/തീയതി | 24110452020600569317/22.8.24 |

മേൽപ്പറഞ്ഞ പ്രകാരം മരുന്നുവാങ്ങുന്നതിനായി 200000/- രൂപ ഹോംകോ ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് 25.7.25 - ൽ 22-ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭിക്കുന്നതുവരെ 200000/- രൂപയുടെ ചെലവുകൾ തടസ്സത്തിൽ വയ്ക്കുന്നു.

**1-17 പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ ലഭ്യമായില്ല - ₹1,38,580/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 131/25, പാലിയേറ്റീവ് കെയർ പദ്ധതി |
| അടങ്കൽ തുക /ഫണ്ട് | ₹8,65,970/- [₹4,15,970/- (വികസനഫണ്ട്-ജനറൽ), ₹1,50,000/-(തനതുഫണ്ട്), ₹3,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ] |

| | |
|---|---|
| ചെലവ് | ₹4,61,091/- [₹3,11,167/-(വികസനഫണ്ട്-ജനറൽ), ₹1,49,924/-(തനതുഫണ്ട്)] |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |

പാലിയേറ്റീവ് കെയർ പദ്ധതിയിൽ തൻവർഷം ചെലവഴിച്ച ₹4,61,091/-യിൽ ₹1,38,580/- കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങുന്നതിന് മുൻകൂർ നൽകിയ തുകയാണ് (ബിൽ നം 235/16.01.2025). കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അവരുടെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് ( No. PRF 2609/23.12.2024) ₹ 1,38,580/- നൽകിയിട്ടുള്ളത്. എന്നാൽ ഉപകരണങ്ങൾ സപ്ലൈ ചെയ്തതിന്റെ ഇൻവോയ്സും സ്റ്റോക്കിലെടുത്തതിന്റെ വിവരവും ലഭ്യമായില്ല. മുൻകൂർ നൽകിയ ₹1,38,580/-ക്കുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ അതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16/23.07.2025) ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ലെന്നും, അവ ലഭിക്കുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് ഒറിജിനൽ ബിൽ രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചു. ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം അറിയിക്കുന്നതുവരെ ₹1,38,580/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-18 വിവിധ വാർഡുകളിലെ ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കൽ-അടവാക്കിയ തുകയ്ക്ക് ആനുപാതികമായ എണ്ണം ടാപ്പുകൾ നീക്കം ചെയ്തിട്ടില്ല.**

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S 266/25 - വിവിധ വാർഡുകളിലെ ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി അടങ്കൽ | ₹9,40,000/- (മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) |
| ആകെ ചെലവഴിച്ച തുക | ₹9,40,000/-(ബിൽ നം 202/21.12.2024) |

പഞ്ചായത്തിലെ ആകെയുള്ള 236 പൊതുടാപ്പുകളിൽ വിവിധ വാർഡുകളിൽ ഉപയോഗശൂന്യമായ 158 പൊതുടാപ്പുകൾ നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും (15.06.24 ലെ 4(2) നം തീരുമാനം) അതിലേക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ ആവശ്യപ്പെട്ടതനുസരിച്ച് കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ ആലുവയിൽ നിന്നും ₹9,40,000/-യുടെ എസ്റ്റിമേറ്റ് എ6/16127/2024 തീയതി 25.10.2024 നമ്പർ കത്ത് പ്രകാരം ലഭ്യമായിരുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ ₹9,40,000/- വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിൽ 11.02% സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൈസ്-3 സോഫ്റ്റ്‌വെയറിൽ സ്വയം നൽകുന്ന സെന്റേജ് ചാർജ്ജ് ആയ 11.02% ആണ് അടങ്കലിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് മേൽ പരാമർശിച്ച കത്തിൽ വിവക്ഷയുണ്ട്. എന്നിരുന്നാലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും 10% മാത്രമാണ് സെന്റേജ് ചാർജ്ജ് ഈടാക്കാവുന്നതെന്ന് സർക്കാർ നിർദ്ദേശമുള്ളതാണ്. അതു പരിഗണിക്കാതെ വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട മുഴുവൻ തുകയും അടവാക്കുക വഴി ചുവടെ ചേർക്കും പ്രകാരം ₹3,428/-യുടെ അധികച്ചെലവുണ്ടായിട്ടുണ്ട്.

| | |
|---|---|
| എസ്റ്റിമേറ്റ് തുക | 336125 |
| സെന്റേജ് ചാർജ്ജ് 11.02 % Of 336125 | 37041 |
| പബ്ലിസിറ്റി ചാർജ്ജ് | 7000 |
| റോഡ് റെസ്റ്ററേഷൻ ചാർജ്ജ് | 114704 |
| GST 18% Of 336125 | 60502 |
| രണ്ട് മാസത്തെ വെള്ളക്കരം | 383390 |
| ആകെ | 938763/- Rounded To 9,40,000/- |

ഇതിൽ സെന്റേജ് ചാർജ്ജ് 10% കണക്കാക്കിയാൽ തുക 10% Of 336125= 33613/-

അധികച്ചെലവ് = 37041-33613= 3428/-

2. 158 പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള തുക നൽകിയെങ്കിലും മുഴുവൻ ടാപ്പുകളും കട്ട് ചെയ്തതായി കാണുന്നില്ല. മാർച്ച് 2025 ലെ വെള്ളക്കരം ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ 114 ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. അതനുസരിച്ച് 122 ടാപ്പുകൾ മാത്രമാണ് നീക്കം ചെയ്തിട്ടുള്ളതെന്ന് കാണാവുന്നതാണ് (236-114=122). 158 പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള തുക നൽകി നൽകിയതിൽ 122 ടാപ്പുകൾ മാത്രം വിച്ഛേദിച്ചിട്ടുള്ളതിനാൽ നിക്ഷേപിച്ച മുഴുവൻ തുകയും വിനിയോഗിക്കേണ്ടി വന്നിട്ടില്ലെന്ന് കാണാവുന്നതാണ്.

സെന്റേജ് ചാർജ്ജ് അധികം നൽകിയതു സംബന്ധിച്ചും, എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ ടാപ്പുകളും വിച്ഛേദിക്കാത്തതു സംബന്ധിച്ചുമുള്ള അപാകതക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 19/23.07.2025) വാട്ടർ അതോറിറ്റിയുടെ പ്രൈസ് സോഫ്റ്റ്‌വെയറിൽ സ്വയമേവ വരുന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, ജൽജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ളം ലഭ്യമാകുമെന്ന പ്രതീക്ഷയിൽ കൂടുതൽ ടാപ്പുകൾ നീക്കം ചെയ്യാൻ തീരുമാനിച്ചെങ്കിലും, പ്രസ്തുത പദ്ധതി വഴി കുടിവെള്ളം ലഭിക്കാത്ത സാഹചര്യത്തിൽ ടാപ്പുകൾ താൽക്കാലികമായി നിലനിർത്തിയിട്ടുള്ളതാണെന്നും, ജൽജീവൻ മിഷൻ കുടിവെള്ള കണക്ഷൻ ലഭിക്കുന്ന മുറക്ക് ബാക്കിയുള്ള ടാപ്പുകൾ നീക്കം ചെയ്യുന്നതാണെന്നും അറിയിച്ചു.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും 10% മാത്രമാണ് സെന്റേജ് ചാർജ്ജ് ഈടാക്കാവുന്നതെന്ന സർക്കാർ നിർദ്ദേശം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതും, ഡെപ്പോസിറ്റ് തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-19 അദർ ലയബിലിറ്റി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി-9 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന ലയബിലിറ്റി ശീർഷകങ്ങളിലായി തുക ബാലൻസ് നിൽക്കുന്നു.

| കോഡ് | ശീർഷകം | തുക |
|---|---|---|
| 350200299 | അദർ ഡിഡക്ഷൻസ് | ₹2,731/- |
| 350400999 | റീഫണ്ട് ഓഫ് അൺ യൂട്ടിലൈസ്ഡ് ഗ്രാന്റ് | ₹6,315/- |
| 350200119 | റിക്കവറീസ് പേയബിൾ-കോവിഡ് | ₹1,39,400/- |

മേൽ തുകകൾ എപ്രകാരം ലഭിച്ചതാണെന്നുള്ള വിവരവും അടവാക്കാതെ നിലനിർത്തിയിരിക്കുന്നതിന്റെ കാരണവും അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (10/18.07.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും തുക അടവാക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതുമാണ്.

## 1-20 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കൽ - പൂർണ്ണസജ്ജമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S 182/25 - പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സി.സി.ടി.വി. സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി അടങ്കൽ | ₹5,00,000/-(തനതു ഫണ്ട്) |
| ആകെ ചെലവഴിച്ച തുക | ₹4,99,255/-( വൗച്ചർ നം 22401355/26.03.2025) |

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്റ്റാണിത്. എറണാകുളം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനപങ്കാളിത്തത്തോടെ

ചെലവു കുറഞ്ഞതും ഫലപ്രദവുമായ രീതിയിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കുവാൻ എറണാകുളം ജില്ല തദ്ദേശ സ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടർ 17.05.2023 ലെ DDP-EKM/1846/20022-F നമ്പർ കത്തിൽ നിർദ്ദേശിച്ചിരുന്നു. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.11.2021 ലെ DA1/317/2021/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചാവണം ഇത്തരം പ്രോജക്ടുകൾ നടപ്പാക്കേണ്ടതെന്നും നിർദ്ദേശിച്ചിരുന്നു. പ്രോജക്ട് പ്രകാരം സ്ഥാപിക്കുന്ന ക്യാമറകളുടെ പ്രവർത്തന ക്ഷമതയും അതിന്റെ സഹായത്തോടെയുള്ള മോണിറ്ററിംഗും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണമെന്നും, മോണിറ്ററിംഗിന് പോലീസ് സ്റ്റേഷനെ കൂടി ഉൾപ്പെടുത്തണമെന്നും, റസിഡൻസ് അസോസിയേഷൻ, സമീപമുള്ള കടകൾ, മറ്റ് ഗുണഭോക്താക്കൾ എന്നിവരുടെ സഹകരണവും സാമ്പത്തികമായി ചെറിയ തോതിലെങ്കിലുമുള്ള പങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സി.സി.ടി.വി. സ്ഥാപിക്കൽ എന്ന മേൽപ്രോജക്ടിൽ ഇ-ടെണ്ടർ വഴി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആഷർ ഡിജിറ്റൽ സ്റ്റോർ, കടവന്ത്ര എന്ന സ്ഥാപനത്തിൽ നിന്നും 7 ക്യാമറകളും അനുബന്ധ സാമഗ്രികളുമാണ് വാങ്ങിയിട്ടുള്ളത്. ഇലക്ട്രിക്കൽ പ്രവൃത്തിയായി കണക്കാക്കി ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽ നോട്ടത്തിലാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്.

18 വാർഡുകളിലായി 82 സ്ഥലങ്ങളിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് ഉണ്ടെങ്കിലും 7 സ്ഥലങ്ങളിലാണ് അവ സ്ഥാപിക്കാനായിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.20/23.07.25)ക്ക് ഫണ്ട് ലഭിക്കുന്നതിന് പഞ്ചായത്ത് പരിധിയിലെയും സമീപ പ്രദേശങ്ങളിലെയും വിവിധ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതായും പഞ്ചായത്ത് ഓഫീസ്, പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ മോണിറ്ററിംഗ് നടത്തുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി.

പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള മുഴുവൻ സ്ഥലങ്ങളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 5000/- രൂപ ലൈസൻസ് ഫീ അടവാക്കി

താഴെ നൽകിയിരിക്കുന്ന സ്ഥാപനത്തിന്റെ IFTE & OS ലൈസൻസ് ഫീ കുറഞ്ഞ നിരക്കിലാണ് ഈടാക്കിയിരുന്നത്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | മൂലധനം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | യു ബി ട്രേഡേഴ്സ് പെട്രോൾ റീട്ടെയിൽ ഔട്ട്ലെറ്റ് ([illegible]) | 6/448A,B | 3 കോടി (സമർപ്പിച്ച അപേക്ഷ പ്രകാരം) | 10,000/- | 5,000/- | 5,000/- |

ലൈസൻസ് ഫീ കുറഞ്ഞ നിരക്കിൽ ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ – 03/17.07.2025) നൽകിയതിനെ തുടർന്ന് താഴെ ചേർത്ത പ്രകാരം 5,000/- രൂപ അടവാക്കി.

| രസീത് നമ്പർ | തുക |
|---|---|
| R-G071302-25002374 / 19-07-2025 | 5,000/- |
| ആകെ | 5,000/- |

### 1-22 ഓണം അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു.

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂളിൽ 460100101 ശീർഷകത്തിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ₹16,000/- ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ക്രമീകരിക്കാനവശേഷിക്കുന്ന തുക കൈപ്പറ്റിയ ജീവനക്കാരുടെ വിവരവും മുൻകൂർ ക്രമീകരിക്കാത്തതിന് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/17.7.25) ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്ന് സ്ഥലം മാറിപ്പോയ രണ്ട് ജീവനക്കാരുടെ ഓണം അഡ്വാൻസ് തുകയാണെന്നും ആയത് ലഭ്യമാകുന്നതിന് പ്രസ്തുത ജീവനക്കാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ഓണം അഡ്വാൻസ് എത്രയും വേഗം ക്രമീകരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-23 മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ - വിനിയോഗിക്കാതെ അവശേഷിക്കുന്നു.

വാർഷിക ധനകാര്യ പത്രികയിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| 320100149<br>നാഷണൽ റൂറൽ ഹെൽത്ത് മിഷൻ | 5,00,000 | 0 | 5,00,000 | 4,83,641 | 16,359 |
| 320100152<br>മറ്റ് സ്കീമുകൾ | 3,346 | 0 | 3,346 | 0 | 3,346 |
| 320100181<br>ടോട്ടൽ സാനിറ്റേഷൻ | 120 | 0 | 120 | 0 | 120 |
| 320100190<br>വിമുക്തി ഗ്രാന്റ് | 36,150 | 0 | 36,150 | 0 | 36,150 |
| 320100191<br>നിർമൽ പുരസ്കാരം | 4,45,114 | 0 | 4,45,114 | 0 | 4,45,114 |
| 320100197<br>ലിറ്ററസി ഗ്രാന്റ് | 14,900 | 415 | 15,315 | 0 | 15,315 |
| 320100198<br>ശുചിത്വ മിഷൻ | 9,24,835 | 0 | 9,24,835 | 0 | 9,24,835 |
| 320200399<br>സ്പെസിഫിക് പർപ്പസ് ഗ്രാന്റ്- അദർ പർപ്പസ് - | 1,00,000 | 1,00,000 | 2,00,000 | 0 | 2,00,000 |
| 320300199<br>അദർ ഗവ. ഏജൻസീസ് | 5,400 | 0 | 5,400 | 0 | 5,400 |

ഗ്രാന്റ് തുക വിനിയോഗിക്കാതെ ഇടരുന്നതിന്റെ കാരണവും ഗ്രാന്റുകൾ ഏതേത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും അതിൽ നടപ്പുവർഷം തുകകൾ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (04/17.07.2025) മറുപടി ലഭ്യമാക്കിയില്ല.

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഈ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തുക തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

### 1-24 റിഡംപ്ഷൻ തുക -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2023-24 ലെ വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ ബി -15 ലെ ഹെഡ് 431500199-Receivables Of Redemption – പ്രകാരം 51,31,575/- രൂപയാണ് സർക്കാരിൽ നിന്നും റിഡംപ്ഷൻ ഇനത്തിൽ തിരികെ ലഭിക്കാനുണ്ടായിരുന്ന തുക. എന്നാൽ 2024-25 വാർഷിക ധനകാര്യപത്രിക RP-45 (R)ഷെഡ്യൂൾ

പ്രകാരം 11,46,516/-രൂപയാണ് തിരികെ ലഭിച്ചത്. 39,85,059/- രൂപ തിരികെ ലഭിക്കാനുണ്ട്. എന്നാൽ 2024-25 ലെ വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ ബി-15 ലെ ഹെഡ് 431500199-Receivables Of Redemption -പ്രകാരം തൻ വർഷത്തെ റിഡംപ്ഷൻ തുകയായ 1,38,82,112/- രൂപയാണ് സർക്കാരിൽ നിന്നും റിഡംപ്ഷൻ ഇനത്തിൽ തിരികെ ലഭിക്കാനുള്ള തുകയായി ഉൾപ്പെടുത്തിയിരിക്കുന്നത്. 39,85,059/- രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം, ഈ തുക ഏത് വർഷം ഏത് ഫണ്ടിൽ നിന്ന് റിഡംപ്ഷൻ നടത്തിയതാണ്, ടി തുക തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (9/18.07.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | S0206/25 |
| പ്രവൃത്തി | ഗവ.ജെ.ബി.എസ്.സ്കൂൾ ദേശം മെയിന്റനൻസ് – വാർഡ് 15 |
| കരാറുകാരൻ | ഇട്ടീര കെ.ഐ. |
| അടങ്കൽ തുക | 2,96,384/- |
| ചെലവ് തുക | 2,73,100/-<br>(ബിൽ നമ്പർ- 294/22.08.24) |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്) |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനിയർ |

മേൽ പ്രോജക്ട് പ്രകാരം സ്കൂൾ മെയിന്റനൻസ് ചെയ്യുന്നതാണ് പ്രവൃത്തി. ഇതിൽ ഐറ്റം 1.003 ആയി ഉൾപ്പെടുത്തിയിരിക്കുന്നത് വാൾ പെയിന്റിംഗ് ആണ്. ആകെ 1108.15 ചതുരശ്ര മീറ്റർ പെയിന്റ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയരിക്കുന്നത്. ഇതിൽ വാതിലുകളും ജനലുകളും ഉൾപ്പെടുന്നതാണ്. ഇനം 1.004 ആയി വാതിലുകളും ജനലുകളും 61 ചതുരശ്ര മീറ്റർ പെയിന്റ് ചെയ്യുന്ന പ്രവൃത്തിയാണ്. എന്നാൽ ഇനം 3 ൽ വാതിലുകളുടേയും ജനലുകളുടേയും വിസ്തൃതി കുറവ് ചെയ്യാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. വാതിലുകളുടേയും ജനലുകളുടേയും വിസ്തൃതി മുൻകൂട്ടി കണക്കാക്കാമെന്നിരിക്കേ ആയത് കുറവ് ചെയ്യാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ കാരണം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/25.07.2025) എസ്റ്റിമേറ്റിൽ വാതിലുകളുടേയും ജനലുകളുടേയും വിസ്തൃതി ഒഴിവാക്കിയിട്ടില്ലയെന്നും പേമെന്റ് നൽകുന്നതിനായി എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇനത്തിൽ വാതിലുകളുടേയും ജനലുകളുടേയും വിസ്തൃതി ഒഴിവാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ ഒഴിവാക്കേണ്ട ഇനങ്ങൾ ഒഴിവാക്കി എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ അടങ്കൽ തുകയിൽ വൻ തുക വകയിരുത്തേണ്ട സാഹചര്യം നിലനിൽക്കുന്നു. ആയത് കൂടുതൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സാധ്യമാകാത്ത അവസ്ഥയുണ്ടാകുന്നു. ആയതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യത പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 1402 പ്രകാരം ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് മുമ്പുതന്നെ സൈറ്റ് പരിശോധനയും പ്രാഥമിക അന്വേഷണവും നടത്തി ശരിയായ ഡേറ്റയാണ് ഉൾപ്പെടുത്തുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ 2024-2025 സാമ്പത്തിക വർഷം നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച എസ്റ്റിമേറ്റിലെ ചിലയിനങ്ങൾ ഒഴിവാക്കുകയും അധികയിനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രാഥമികമായി സൈറ്റ് പരിശോധന നടത്തി പ്രവൃത്തി സംബന്ധിച്ച് ശരിയായ പഠനം നടത്തിയിരുന്നുവെങ്കിൽ എക്സ്ട്രാ ഇനങ്ങൾ ഒഴിവാക്കാമായിരുന്നു. കൂടാതെ എസ്റ്റിമേറ്റ് പ്രകാരം കണക്കാക്കിയ ചില ഇനങ്ങൾ ഒഴിവാക്കുകയും മറ്റ് ചില ഇനങ്ങൾ വളരെ കൂടുതൽ അളവിൽ ചെയ്യുന്ന പ്രവണത മിക്ക പ്രോജക്ടുകളിലും ഉൾപ്പെടുത്തിക്കാണുന്നു. സൈറ്റ് പരിശോധനയും പ്രാഥമിക അന്വേഷണവും നടത്തി ശരിയായ ഡേറ്റയാണ് ഉൾപ്പെടുത്തുന്നത് എന്ന് ഉറപ്പ് വരുത്തി എസ്റ്റിമേറ്റ്

തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-26 കോമ്പൗണ്ട് വാൾ നിർമ്മാണം - രണ്ട് നില വരെയുള്ള സൂപ്പർ സ്ട്രക്ചർ ഡേറ്റയുടെ നിരക്ക് അനുവദിച്ചു-നഷ്ടം 5,941/- രൂപ.**

| | |
|---|---|
| പ്രോജക്ട് നം. | 17/25 |
| പ്രവൃത്തി | കപ്രശ്ശേരി സ്കൂൾ കോമ്പൗണ്ട് വാൾ നിർമ്മാണവും മെയിന്റനൻസും |
| കരാറുകാരൻ | സുജിത്ത് ഭാസ്കരൻ |
| അടങ്കൽ തുക | 2,61,170/- |
| ചെലവ് തുക | 2,36,046/-<br>(ബിൽ നമ്പർ- 425/15-1-25) |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്) |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനിയർ |

മേൽ പ്രോജക്ട് പ്രകാരം, കപ്രശ്ശേരി സ്കൂളിന്റെ കോമ്പൗണ്ട് വാൾ നിർമ്മാണവും മെയിന്റനൻസും നടത്തുകയാണ് പ്രവൃത്തി. ഈ പ്രവൃത്തിയുടെ ഐറ്റം നമ്പർ 1,002-ൽ സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് കോമ്പൗണ്ട് വാൾ നിർമ്മിക്കുന്ന പ്രവൃത്തിയാണ്. കോമ്പൗണ്ട് വാളിന് രണ്ടാം നിലവരെയുള്ള ഡേറ്റയുടെ ആവശ്യകത ഇല്ലാതിരിക്കെ സൂപ്പർ സ്ട്രക്ചർ അപ് ടു ഫ്ലോർ 2 ലെവൽ എന്ന ഡേറ്റ ഉപയോഗിച്ചതിനാൽ 5,941/- രൂപ നഷ്ടമായിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-27 ഇന്റർലോക്ക് റോഡ് -ഡിഫക്ട് ലയബിലിറ്റി പീരീഡ് കുറവായി രേഖപ്പെടുത്തി.**

| | |
|---|---|
| പ്രോജക്ട് നം. | S0294/25 |
| പ്രവൃത്തി | പാപ്പാളി ഫസ്റ്റ് സ്ട്രീറ്റ് ടൈൽ വിരിക്കൽ വാർഡ്-12 |
| കരാറുകാരൻ | അബ്ദുൾ ഖാദർ പി.എം |
| അടങ്കൽ തുക | 4,70,000/- |
| ചെലവ് തുക | 4,70,000/-<br>( ബിൽ നമ്പർ- 527/06.03.25) |
| ഫണ്ട് | വികസന ഫണ്ട് -ജനറൽ |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനിയർ |

ചീഫ് എൻജിനിയറുടെ 04.07.2022-ലെ DB3/5215/2013/CE/LSGD സർക്കുലർ പ്രകാരം ഇന്റർലോക്ക് റോഡുകൾക്ക് ഡിഫക്ട് ലയബിലിറ്റി പീരീഡ് 5 വർഷത്തിൽ കുറയാത്ത രീതിയിൽ ടെണ്ടർ നിബന്ധനകളിൽ ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ മേൽ പ്രവൃത്തിയുടെ കരാർ പരിശോധിച്ചതിൽ ഡിഫക്ട് ലയബിലിറ്റി പീരീഡ് 1 വർഷമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/25.07.2025) ക്ലറിക്കൽ പിശക് മൂലം കരാർ ഉടമ്പടിയിൽ 1 വർഷമെന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്നും ആയതിനാൽ സെക്യൂരിറ്റി റിലീസ് മതിയായ കാലയളവ് വരെ നിലനിർത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി. കരാർ ഉടമ്പടിയിൽ ആവശ്യമായ മാറ്റം വരുത്തി പുതിയ കരാർ ചമച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-28 റോഡ് റീസ്റ്റോറേഷൻ പ്രവൃത്തി-എസ്റ്റിമേറ്റിലെ വ്യത്യാസം വാട്ടർ അതോറിറ്റിയെ അറിയിക്കേണ്ടതാണ്.**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 06.05.2022 ലെ ജി.ഒ.(ആർ.ടി)നം.1143/2022/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന പൈപ്പ് ലൈൻ പ്രവൃത്തികളിൽ റോഡ് നശിച്ചു പോയിട്ടുണ്ടെങ്കിൽ ആയത് റീസ്റ്റോർ ചെയ്ത് ഗതാഗതയോഗ്യമാക്കി തരേണ്ട ബാധ്യത വാട്ടർ അതോറിറ്റിയ്ക്കാണ്. എന്നാൽ 2023-2024, 2024-2025

സാമ്പത്തിക വർഷത്തെ പദ്ധതികളിൽ ജൽജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള റീസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ നിലവിലുള്ള Cpwd നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കുന്നതിന് 23/05/25 ലെ 1-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജൽജീവൻ മിഷൻഫണ്ട് കേരള വാട്ടർ അതോറിറ്റിയ്ക്ക് ലഭ്യമാകുന്ന മുറയ്ക്ക് റീസ്റ്റോറേഷൻ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക തിരികെ ഈടാക്കുന്നതിനും തീരുമാനിച്ചു. റോഡ് റീസ്റ്റോറേഷൻ സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി 15.03.25 ൽ പഞ്ചായത്തിന് നൽകിയ കത്തിൽ ഗ്രാമപഞ്ചായത്തും ജല അതോറിറ്റിയും ചേർന്ന് സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആകെ എസ്റ്റിമേറ്റ് തുക 19,97,776/- രൂപയാണ് എന്നും ഈ പ്രവൃത്തി പഞ്ചായത്ത് കരാറുകാർ മുഖാന്തിരം നടത്താവുന്നതും ബിൽ വാട്ടർ അതോറിറ്റിക്ക് സമർപ്പിക്കാവുന്നതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ റീസ്റ്റോറേഷൻ പ്രവൃത്തികൾ സംബന്ധിച്ച് എൽ.എസ്.ജി.ഡി.അസിസ്റ്റന്റ് എഞ്ചിനിയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/17.07.25) ലഭ്യമാക്കിയ മറുപടിയിൽ എൽ.എസ്.ജി.ഡി.അസിസ്റ്റന്റ് എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നിരക്ക് 24,61,900/-രൂപയാണെന്ന് പരാമർശിച്ചിട്ടുള്ളതാണ്. ഇവ തമ്മിലുള്ള വ്യത്യാസം 4,64,125/- രൂപയാണ്. ഗ്രാമപഞ്ചായത്തും ജല അതോറിറ്റിയും ചേർന്ന് സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയ എസ്റ്റിമേറ്റാണെന്ന് ജല അതോറിറ്റിയുടെ കത്തിൽ പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ സംയുക്തമായി തയ്യാറാക്കിയ എസ്റ്റിമേറ്റല്ലെന്നാണ് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനിയർ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/19.07.25) മറുപടി ലഭ്യമാക്കിയത്. സംയുക്തമായി തയ്യാറാക്കിയ എസ്റ്റിമേറ്റ് നിരക്ക് എൽ.എസ്.ജി.ഡി.അസിസ്റ്റന്റ് എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവായതിനാൽ എസ്റ്റിമേറ്റ് പുതുക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി (11/19.07.25) മുഖേ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. എസ്റ്റിമേറ്റിലെ വ്യത്യാസം വാട്ടർ അതോറിറ്റിയെ അറിയിക്കേണ്ടതും റീസ്റ്റോറേഷൻ പ്രവൃത്തിയുടെ തുക വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-29 പ്യൂവർസർവ്വീസ് പ്രവൃത്തികൾക്ക് കരാറുകാരന് ജിഎസ്ടി അനുവദിച്ചു .

| പ്രോജക്ട് നം. | 70/25 | 78/25 |
|---|---|---|
| പ്രവൃത്തി | വിവിധ വാർഡുകളിലെ കാനകൾ, തോടുകൾ, കുളങ്ങൾ, ഇറിഗേഷൻ കുളങ്ങൾ വൃത്തിയാക്കൽ റീച്ച്- 1 | കൈതകാട്ടുചിറ പാലം മുതൽ മുഴിയാൽ പാലം വരെ തോട് ക്ലീനിംഗ് |
| അടങ്കൽ തുക | 5,00,000/- | 95,000/- |
| ചെലവ് തുക | 4,99,081/- | 94,847/- |
| ബിൽ നമ്പർ, തീയതി | 327/04.10.24 | 326/04.10.24 |
| കരാറുകാരൻ | ശ്രീ വി.ജോയി | |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് | |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനിയർ | |

കേന്ദ്ര വിജ്ഞാപനം 12/17 (കേന്ദ്രനികുതി) റേറ്റ് പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം എസ് ആർഒ371/17 (സർക്കാർ ഉത്തരവ് (പി)73/17 നികുതി തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243ജി പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പ്യുവർ സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. പ്രസ്തുത വിജ്ഞാപനത്തിലെ പട്ടികയിൽ ജി.എസ്.ടി. ഈടാക്കേണ്ടതില്ലാത്ത സേവനങ്ങൾ നിർവ്വചിക്കുന്നുണ്ട്. ആയതിലെ ക്രമനമ്പർ 3 പ്രകാരം ചിറ, തോട് എന്നിവയുടെ നവീകരണത്തിന് മെറ്റീരിയൽ സപ്ലൈ ഇല്ലാതെ ചെയ്യുന്ന, പ്യുവർ സർവ്വീസിൽ ഉൾപ്പെടുത്താവുന്ന പ്രവൃത്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കരാറുകാരൻ മുഖേന

ജി.എസ്.ടി. നല്കേണ്ടതില്ല. എന്നാൽ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റുകളുടെ എസ്റ്റിമേറ്റ് പ്രകാരവും ഇ-അളവ് പുസ്തകം പ്രകാരവും മെറ്റീരിയൽ സപ്ലൈ ഉൾപ്പെടുത്താതെ, ക്ലീനിംഗ് മാത്രം ഉൾപ്പെടുത്തിയിട്ടുള്ള, ലേബർ ചെലവുകൾ മാത്രമുള്ള, പ്യൂവർസർവ്വീസ് എന്ന ഗണത്തിൽ ഉൾപ്പെടുത്താവുന്ന ചിറ, തോട് എന്നിവയുടെ വൃത്തിയാക്കലുമായി ബന്ധപ്പെട്ട് ചെയ്ത പ്രവൃത്തികൾക്ക് ജി എസ് ടി കൂടി കണക്കാക്കി കരാറുകാരന് നല്കിയിട്ടുണ്ട്. ലേബർ കാമ്പോണന്റ് മാത്രമുള്ളതിനാൽ ഈ പ്രവൃത്തികൾക്ക് 12% ജി എസ് ടി- യാണ് നല്കിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രവൃത്തി മൂല്യം | അനുവദിച്ച ജി.എസ്.ടി. | ആകെ തുക |
|---|---|---|---|
| 70/25 | 445608 | 53473 | 499081 |
| 78/25 | 84685 | 10162 | 94847 |
| ജി എസ് ടി ഇനത്തിൽ നൽകിയ ആകെ തുക | | 63635 | |

മേൽ പ്രകാരം ജി എസ് ടി ഇനത്തിൽ കൂടുതലായി കരാറുകാരന് നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 63635/- രൂപയുടെ നഷ്ടം ഉണ്ടായി. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/23.07.25) മേൽ പ്രവൃത്തികൾ പ്യൂവർസർവ്വീസിൽ പെടുന്നതല്ല എന്ന നിഗമനത്തിലാണ് ജി.എസ്.ടി. അനുവദിച്ചത് എന്ന് മറുപടി ലഭ്യമാക്കി. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടേണ്ട തുകയാണ് ഇപ്രകാരം അധികച്ചെലവായിപ്പോയത്. ജി.എസ്.ടി. ബാധകമല്ലാത്ത ഇനങ്ങൾക്ക് എസ്റ്റിമേറ്റിൽ ജി.എസ്.ടി പ്രൊവിഷൻ നൽകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

### 1-30 പണമിടപാടുകളില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കോവിഡ് ഡൊണേഷനായി യൂണിയൻ ബാങ്കിലുള്ള 338202010029684-ാം നമ്പർ അക്കൗണ്ടിൽ 5,526/- രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ട് ഇടപാടുകൾ ഇല്ലാത്ത അവസ്ഥയിൽ തുടരുന്നുണ്ട്. ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ മരവിപ്പിക്കപ്പെടുന്നതിനും നീക്കിയിരിപ്പ് തുക ഗ്രാമപഞ്ചായത്തിന് ഉപയോഗപ്പെടുത്തുന്നതിന് കഴിയാതെ വരുന്നതുമായ സാഹചര്യം ഉണ്ടാകാൻ സാധ്യത ഉണ്ട്. ആയതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി മേൽ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-31 മുൻകൂർ തുകകൾ ക്രമീകരിക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രികയിലെ ബി-18 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന വിവിധ ശീർഷകങ്ങളിലായി നൽകിയ മുൻകൂർ തുക ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നു.

| കോഡ് | ശീർഷകം | തുക |
|---|---|---|
| 460100102 | അദർ അഡ്വാൻസ് | ₹72,128 |
| 460500501 | അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഓഫീസേഴ്സ് | ₹5,43,060 |
| 460509901 | അഡ്വാൻസ് ടു അദേഴ്സ് | ₹48,000 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന മുൻകൂറുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടില്ല.

മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കാതിരുന്നത് സംബന്ധിച്ച വിശദീകരണവും മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയതെന്നും ആയത് നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(5/17.07.2025) ഇത ക്രമീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. നീക്കിയിരിപ്പുള്ള തുകകൾ പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

## 1-32 മുൻ വർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികൾ -ക്രമീകരിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രികയിലെ ബി-18 ഷെഡ്യൂൾ പ്രകാരം കേരള ജല അതോറിറ്റിയിലും കേരള വൈദ്യുതി ബോർഡിലും വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുക ക്രമീകരിക്കാൻ ശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | നിക്ഷേപിച്ച സ്ഥാപനം | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500201 | കേരള ജലഅതോറിറ്റി | ₹906547 | ₹3,80,000 | ₹5,26,547 |
| 460500202 | കേരള വൈദ്യുതി ബോർഡ് | ₹36,79,111 | ₹2,22,931 | ₹34,56,180 |

ഏതെല്ലാം വർഷങ്ങളിൽ ഏതേത് പ്രവൃത്തികൾക്ക് വേണ്ടിയാണ് ഈ തുകകൾ നിക്ഷേപിച്ചിട്ടുള്ളത് എന്ന വിവരവും നടപ്പ് വർഷത്തിൽ ആയവ പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/17.7.2025) മറുപടി ലഭ്യമാക്കിയില്ല.

ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാം എന്ന് കണ്ടെത്തി ആയവ പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മുൻകൂർ തുകകൾ ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 ജൽ ജീവൻ മിഷൻ-അവലോകനം

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

ജൽ ജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 20-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകിക്കൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020 /ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ വാട്ടർ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ കുടിവെള്ള വിതരണം സാദ്ധ്യമാക്കുന്നതിന് ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംയുക്ത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 213.87 കോടി രൂപ അടങ്കൽ വരുന്ന പ്രോജക്ട് റിപ്പോർട്ട് ആണ് വാട്ടർ അതോറിറ്റി തയ്യാറാക്കിയത്.

**ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ**

സ.ഉ.(കൈ)37/2020/ജ.വി.വ./08.06.2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ജൽ ജീവൻ മിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള "ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി" 2021-22 വർഷത്തേക്കുള്ളത് തയ്യാറാക്കിയത് 10.08.2021 ലെ ഭരണ സമിതി യോഗം 10(1) -ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തുതല കർമ്മ പദ്ധതി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

**നിർവ്വഹണ സഹായ ഏജൻസി.**

ജൽ ജീവൻ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണവും ശാക്തീകരണവും, ജലസാക്ഷരതാ പ്രവർത്തനങ്ങൾ, പരസ്യ പ്രചാരണ പരിപാടികൾ, ജലഗുണനിലവാര പരിശീലനങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക സംഘാടന പരിപാടികളിൽ ഇടപെടൽ നടത്തേണ്ടത് നിർവ്വഹണ സഹായ സംഘടനകളാണ്. ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ ജെ.ജെ.എം. പദ്ധതിയുടെ നിർവ്വഹണ സഹായ ഏജൻസിയായി 'വെൽഫയർ സർവീസസ് എറണാകുളം' എന്ന സ്ഥാപനത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ മെമ്പർ സെക്രട്ടറി, നിർവ്വഹണ സഹായ ഏജൻസി എന്നിവർ ചേർന്നുള്ള ത്രികക്ഷികരാറിൽ 18.10.2021 ൽ ഏർപ്പെട്ടിട്ടുണ്ട്.

**സ്ഥാപന വിഹിതവും ഗുണഭോക്തൃ വിഹിതവും അടവാക്കിയതിന്റെ വിവരം**

പുതിയ ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിനും എല്ലാ വീടുകളിലും വാട്ടർ കണക്ഷൻ നൽകുന്നതിനും ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന് മാത്രമായി ആകെ 5373 ലക്ഷം രൂപ ചെലവ് കണക്കാക്കിയിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത പദ്ധതി തുകയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായ 15% - 805.95 ലക്ഷം രൂപയും ഗുണഭോക്തൃ വിഹിതമായ 10% - 537.3 ലക്ഷം രൂപയും ചേർത്ത് 1343.25 ലക്ഷം രൂപയ്ക്ക് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനിയർ JJM/DB-762/2020(GL), തീയതി 25.03.21 പ്രകാരം കത്ത് നൽകി. പ്രസ്തുത കത്തും പദ്ധതിയുടെ വിശദമായ പ്രൊജക്ട് റിപ്പോർട്ടും 10.08.2021 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റി പരിശോധിക്കുകയും 10(1) -ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിക്കുകയും ചെയ്തു. കൂടാതെ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് സംബന്ധിച്ചും പദ്ധതി നിർവ്വഹണം സംബന്ധിച്ചും വ്യക്തമായ മാർഗ നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നതനുസരിച്ച് ആയതിനെ അടിസ്ഥാനമാക്കി ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ ജൽജീവൻ പദ്ധതി നടത്തിപ്പിലേക്കായി അടവാക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതവും ഗുണഭോക്തൃവിഹിതവും ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടില്ല.

**ജൽജീവൻ പദ്ധതിക്കായി തുക വകയിരുത്തൽ**

ഗ്രാമപഞ്ചായത്ത് വിഹിതം, ഗുണഭോക്തൃവിഹിതം എന്നിവ അടവാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. തനത് ഫണ്ടിന്റെ അപര്യാപ്തത ഉള്ളതിനാലാണ് പദ്ധതിയിലേക്ക് തുക വകയിരുത്താൻ സാധിക്കാത്തത് എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചത്. ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുമ്പോൾ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എംഎൽഎ-മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് സ.ഉ(സാധാ)നം.4584/2020/ധന തീയതി 10.08.2020 ഉത്തരവിൽ അനുമതി നൽകിയിരുന്നെങ്കിലും ഈ വിധത്തിൽ തുക കണ്ടെത്താൻ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല.

**ജൽ ജീവൻ പദ്ധതിക്കായി ഏറ്റെടുത്തിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ**

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ ചെങ്ങമനാട് വില്ലേജ്, ബ്ലോക്ക് നമ്പർ-7, റീസർവ്വേ നമ്പർ-56/18 ൽ ഉൾപ്പെട്ട ചെങ്ങമനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനടുത്തുള്ള 15 സെന്റ് പുറമ്പോക്ക് സ്ഥലം ജൽജീവൻ പദ്ധതിയ്ക്കായി 12 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിന് വാട്ടർ അതോറിറ്റി അധികൃതർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ടി സ്ഥലം റവന്യ

പുറമ്പോക്ക് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും റിമാർക്സിൽ ആരോഗ്യ വകുപ്പ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാലും പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലായതിനാലും ആരോഗ്യവകുപ്പിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും അനുമതിക്കായുള്ള നടപടികൾ സ്വീകരിക്കുന്നതിന് 11.08.23 ലെ 20(1)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ തുടർ നടപടികൾ സംബന്ധിച്ചോ പ്രസ്തുത സ്ഥലത്ത് ടാങ്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതായ വിവരങ്ങളോ ഒന്നും ഫയലിൽ ലഭ്യമല്ല.

**റോഡ് റിസ്റ്റോറേഷൻ ചാർജ് ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും തുക ലഭ്യമായതിന്റെ വിവരം**

ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിച്ചതു മൂലം തകർന്ന റോഡുകൾ പുനഃസ്ഥാപിക്കുന്നതിനായി 2023-2024, 2024-25 വർഷങ്ങളിൽ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ പുനഃസ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് അസി.എൻജിനീയർ 24,61,900/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. റോഡ് റിസ്റ്റോറേഷൻ സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി 15.03.25 ൽ ഗ്രാമപഞ്ചായത്തിന് നൽകിയ കത്തിൽ ഗ്രാമപഞ്ചായത്തും ജല അതോറിറ്റിയും ചേർന്ന് സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആകെ എസ്റ്റിമേറ്റ് തുക 19,97,776/- രൂപയെന്നും ഈ പ്രവൃത്തി പഞ്ചായത്ത് കരാറുകാർ മുഖാന്തിരം നടത്താവുന്നതും ബിൽ വാട്ടർ അതോറിറ്റിക്ക് സമർപ്പിക്കാവുന്നതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്ന് തുക ലഭ്യമായിട്ടില്ല.

**കുടിവെള്ള കണക്ഷൻ ലഭ്യമായതിന്റെ വിവരം.**

പദ്ധതിയുടെ ഭാഗമായി ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ 7665 ഗുണഭോക്താക്കൾക്ക് ഗാർഹിക കുടിവെള്ള പൈപ്പ് കണക്ഷൻ നൽകിയിട്ടുള്ളതിന്റെ ലിസ്റ്റ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

**1-34 ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം**

ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യ കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്. 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലേത് 23-24 ലും 23-24 ലേത് 24-25 ലുമാണ് ലഭ്യമായിട്ടുള്ളത്. ആയതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി ചെലവഴിച്ചിരിക്കുന്നത്.

ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ മൂന്ന് സ്കീമുകളിലായിട്ടാണ് (സ്കീം-1, സ്കീം-3, സ്കീം-4) ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്.

**സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം**

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

**സ്കീം-3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ**

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട്

ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

**സ്കീം-4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.**

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റിവ് പ്രവർത്തനങ്ങൾ ഇടങ്ങിയവ ഉൾപ്പെടുന്നു.

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

**1) നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.**

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്റേഴ്സ് | 0 | 0 | 0 | 0 |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (II) പി.എച്ച്.സി. | 0 | 3,72,676 | 9,82,857 | 4,25,725 |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | 0 | 0 | 0 | 0 |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | | 0 | 28,14,519 | 76,602 |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | 0 | 2,12,976 | 4,07,628 | 6,45,670 |

**2) നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.**

| ക്രമ നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (II) പി.എച്ച്.സി. | 0 | 0 | 3,67,397 | 3,78,082 |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | 0 | 0 |

| | | | | | |
|---|---|---|---|---|---|
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | 0 | 0 | 2,26,659 | 3,07,547 |
| ആകെ | | 0 | 0 | 5,94,056 | 6,85,629 |

**3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.**

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

**4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)**

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.(II) പി.എച്ച്.സി. (320100202) എസ്.ബി.ഐ A/C No.40858707174 (₹) | ബിൽഡിങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. (320100203) എസ്.ബി.ഐ A/C No.40858719883 (₹) | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) എസ്.ബി.ഐ A/C No.40858717525 (₹) |
|---|---|---|---|
| മുന്നിരിപ്പ് | 9,88,136 | 28,14,519 | 3,93,945 |
| വരവ് (പലിശ ഉൾപ്പെടെ) | 4,25,725 | 76,602 | 6,45,670 |
| ആകെ | 14,13,861 | 28,91,121 | 10,39,615 |
| ചെലവ് | 3,78,082 | 0 | 3,07,547 |
| നീക്കിയിരിപ്പ് | 10,35,779 | 28,91,121 | 7,32,068 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 കോമ്പൗണ്ട് വാൾ നിർമ്മാണം -രണ്ട് നില വരെയുള്ള സൂപ്പർ സ്ട്രക്ചർ ഡേറ്റയുടെ നിരക്ക് അനുവദിച്ചു-നഷ്ടം 5,941/- രൂപ.**

| | |
|---|---|
| പ്രോജക്ട് നം. | 17/25 |
| പ്രവൃത്തി | കപ്രശ്ശേരി സ്കൂൾ കോമ്പൗണ്ട് വാൾ നിർമ്മാണവും മെയിന്റനൻസും |
| കരാറുകാരൻ | സുജിത്ത് ഭാസ്കരൻ |
| അടങ്കൽ തുക | 2,61,170/- |
| ചെലവ് തുക | 2,36,046/- ( ബിൽ നമ്പർ- 425/15-1-25) |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്) |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ |

മേൽ പ്രോജക്ട് പ്രകാരം, കപ്രശ്ശേരി സ്കൂളിന്റെ കോമ്പൗണ്ട് വാൾ നിർമ്മാണവും മെയിന്റനൻസും നടത്തുകയാണ് പ്രവൃത്തി. ഈ പ്രവൃത്തിയുടെ ഐറ്റം നമ്പർ 1.002-ൽ സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് കോമ്പൗണ്ട് വാൾ നിർമ്മിക്കുന്ന പ്രവൃത്തിയാണ്. 2018 DSR ഡേറ്റ 50.6.1.5 പ്രകാരം - സോളിഡ് ബ്ലോക്ക്

ഉപയോഗിച്ച് കോമ്പൗണ്ട് വാൾ (20 Cm – കനം, ഉയരം 1.5 മീറ്റർ, സൂപ്പർ സ്ട്രക്ചർ അപ്പ് ഫ്ലോർ 2 ലെവൽ) നിർമ്മിച്ചതിന് ഒരു ക്യൂബിക് മീറ്ററിന് 5,803/- രൂപ നിരക്കിൽ (12.66 % Below Estimate Rate) 9.805 ക്യൂബിക് മീറ്ററിന് 56,898/- (9.805 X 5803 ) രൂപ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം ഒരു ക്യൂബിക് മീറ്ററിന്റെ നിരക്ക് 6644.12 രൂപ ആണ്. ഇവിടെ കോമ്പൗണ്ട് വാളിന്റെ ഉയരം 1.5 മീറ്റർ മാത്രമാണ്. ആയതിനാൽ എസ്റ്റിമേറ്റ് പ്രകാരം ഇതിന് നൽകാവുന്ന ഡേറ്റ 2018 DSR ഡേറ്റ 50.6.1.4 പ്രകാരം ഒരു ക്യൂബിക് മീറ്ററിന് 5950.33 രൂപയാണ്. എസ്റ്റിമേറ്റ് നിരക്കിൽ നിന്ന് 12.66% കുറവ് കണക്കാക്കിയാൽ 1 ക്യൂബിക് മീറ്ററിന് നൽകാവുന്ന തുക 5,197/- രൂപയാണ്. ആയതിനാൽ 9.805 $M^3$ ന് ആകെ നൽകേണ്ടിയിരുന്ന തുക 50,957/- (9.805x5197) രൂപയാണ്. ആകെ 5,941/- (56898-50957) രൂപ അധികം നൽകിയിട്ടുണ്ട്.

കോമ്പൗണ്ട് വാളിന് രണ്ടാം നിലവരെയുള്ള ഡേറ്റയുടെ ആവശ്യകത ഇല്ലാതിരിക്കെ സൂപ്പർ സ്ട്രക്ചർ അപ് ടു ഫ്ലോർ 2 ലെവൽ എന്ന ഡേറ്റ ഉപയോഗിച്ചതിന്റെ കാരണം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/25.07.2025) പ്രൈസ് സോഫ്റ്റ്‌വെയറിൽ പ്ലിന്ത് ലെവലിന് മുകളിൽ 1.5 മീറ്റർ ഉയരത്തിൽ വരുന്ന ഡേറ്റ ലഭ്യമല്ലാത്തതിനാലാണ് രണ്ടാം നില വരെയുള്ള ഡേറ്റ ഉപയോഗിച്ചതെന്നും വരും കാലങ്ങളിൽ ഈ ഡേറ്റ ഒഴിവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. എന്നാൽ കോമ്പൗണ്ട് വാളിന് ബഹുനില കെട്ടിടത്തിന്റെ ഭാരം താങ്ങേണ്ടതില്ലാത്തതിനാൽ 2 മീറ്റർ ഉയരത്തിൽ പണിതാലും ഫൗണ്ടേഷൻ & പ്ലിന്ത് എന്ന ഡേറ്റ മാത്രം മതിയാകുന്നതാണ്. ആയതിനാൽ മറുപടി തൃപ്തികരമല്ല.

1.5 മീറ്റർ മാത്രം ഉയരത്തിലുള്ള മേൽ കോമ്പൗണ്ട് വാളിന് രണ്ട് നിലവരെയുള്ള സൂപ്പർ സ്ട്രക്ചർ ഡേറ്റയുടെ നിരക്ക് അനുവദിച്ചത് അംഗീകരിക്കുന്നില്ല. നഷ്ടമായ 5,941/- രൂപ ബന്ധപ്പെട്ട ഹെഡിൽ ഒടുക്കു വരുത്തി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് വിവരം

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 17 | ₹85,000 | ₹78,500 | ₹6,500 | ഒടുക്കുവാൻ ശേഷിക്കുന്ന തുക 2025 ഏപ്രിൽ മാസം ഒടുക്കിയിട്ടുണ്ട്. |

മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മാസം | ജീവനക്കാരുടെ എണ്ണം | തുക (₹) | ആകെ തുക (₹) |
|---|---|---|---|
| മാർച്ച് 2024(1) | 12 | 500 | 1x12x500=6000 |
| ഏപ്രിൽ 2024-ആഗസ്റ്റ് 2024(5) | 13 | 500 | 5x13x500=32500 |
| സെപ്റ്റംബർ 2024(1) | 14 | 500 | 1x14x500=7000 |
| ഒക്ടോബർ 2024-ഡിസംബർ 2024(3) | 13 | 500 | 3x13x500=19500 |
| ജനുവരി 2025(1) | 14 | 500 | 1x14x500=7000 |

| | | | |
|---|---|---|---|
| ഫെബ്രുവരി 2025 (I) | 13 | 500 | 1x13x500=6500 |
| മാർച്ച് 2025(I) | 13 | 500 | 1x13x500=6500 |
| ആകെ ഒടുക്കേണ്ട തുക | | | 85,000 |
| 2024-2025 സാമ്പത്തിക വർഷം ഒടുക്കിയ ആകെ തുക (₹) | | | 78,500 |
| ഒടുക്കുവാൻ ശേഷിക്കുന്ന തുക (₹) | | | 6,500 |

**2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

**3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

**4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കടിശിക ഉൾപ്പെടെ) മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.08.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2024-25 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര്/നമ്പർ | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|
| എറണാകുളം ജില്ലാ പഞ്ചായത്ത് | 4,50,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (103/25) | 4,50,000 | 0 |
| | 1,94,000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും (145/25) | 1,94,000 | 0 |
| | 14,400 | തരിശ് പച്ചക്കറി (137/25) | 14,400 | 0 |
| | 43,536 | പാലിന് സബ്സിഡി (122/25) | 43,536 | 0 |
| | 15,000 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിലൂടെ ഉല്പാദനോപാധികളുടെ വിതരണം (101/25) | 15,000 | 0 |

| | | | | |
|---|---|---|---|---|
| | 5,750 | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം (178/25) | 5,750 | 0 |
| | 2,54,800 | നെൽകൃഷി വികസനം (97/25) | 2,54,800 | 0 |
| | 62,820 | വാഴകൃഷി വികസനം (99/25) | 62,820 | 0 |
| | 8,000 | ചെറുധാന്യകൃഷി വികസനം (134/25) | 8,000 | 0 |
| ആകെ | 10,48,306 | | 10,48,306 | 0 |
| പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | 5,97,000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് ബത്തയും (145/25) | 5,97,000 | 0 |
| | 1,50,000 | പാലിന് സബ്സിഡി (122/25) | 1,50,000 | 0 |
| | 50,000 | അങ്കണവാടി പോഷകാഹാര പരിപാടി (1/25) | 50,000 | 0 |
| | 10,000 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിലൂടെ ഉല്പാദനോപാധികളുടെ വിതരണം (101/25) | 10,000 | 0 |
| | 1,00,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (103/25) | 1,00,000 | 0 |
| ആകെ | 9,07,000 | | 9,07,000 | 0 |

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തുക മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ബിൽ നമ്പർ, തീയതി | നിക്ഷേപിച്ച തുക | ചെലവഴിച്ച തുക | ശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | കേരള ഇലക്ട്രിസിറ്റി ബോർഡ് | 157/25-സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | XVFC/2024-2025/31 | 77,532/- | 57,100/- | 20,432/- |
| 2 | കേരള വാട്ടർ അതോറിററി | 266/25-ഉപയോഗ ശൂന്യമായ സ്ട്രീറ്റ് ടാപ്പുകളുടെ കട്ടിംഗ് ചാർജ് | 241104000000019000/26.3.2025 251120105/20.12.24 | 9,40,000/- | 0 | 9,40,000/- |

കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കിനായി മുൻകൂർ നിക്ഷേപിച്ച 9,40,000/- രൂപ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-6 വായ്പ / വായ്പാതിരിച്ചടവ്

2024-25 വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹36,20,000/- വരവുണ്ട്. വാർഷിക കണക്ക് പ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തൻവർഷത്തെ വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| | | | മുതൽ (₹) | പലിശ (₹) | |
| ലൈഫ് ഭവന പദ്ധതി-കെ.യു.ആർ.എഫ്.ഡി.സി | 36,20,000 | 1,01,56,625 | 16,62,825 | 0 | 1,21,13,800 |

**വായ്പ തിരിച്ചടച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.**

| പ്രോജക്ട് | തുക (₹) |
|---|---|
| 312/25 ലൈഫ് ഭവന പദ്ധതി (എസ് സി പി)വായ്പ തിരിച്ചടവ് | 71,942 |

| | |
|---|---|
| 310/25 ലൈഫ് ഭവന പദ്ധതി (എസ് സി പി) വായ്പ തിരിച്ചടവ് | 72,686 |
| 309/25 ലൈഫ് ഭവന പദ്ധതി (ജനറൽ)വായ്പ തിരിച്ചടവ് | 7,58,606 |
| 311/25 ലൈഫ് ഭവന പദ്ധതി (ജനറൽ)വായ്പ തിരിച്ചടവ് | 7,59,591 |
| **ആകെ** | **16,62,825** |

## 4-7 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,14,59,514/- |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 8,20,230/- |
| ആകെ | 1,22,79,744/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,22,79,744/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി) | നിക്ഷേപിച്ച തീയതി | കാലയളവ് | കാലാവധി തീയതി | നിക്ഷേപിച്ച തുക (₹) | അക്കൗണ്ട് നം. |
|---|---|---|---|---|---|---|
| 1 | കേരള സംസ്ഥാന സഹകരണ ബാങ്ക്, ആര്യനാട് | 20.05.2024 | 1 വർഷം | 20.05.2025 | 60,66,872/- | 139718802000018 |
| 2 | കേരള സംസ്ഥാന സഹകരണ ബാങ്ക്, ആര്യനാട് | 20.05.2024 | 1 വർഷം | 20.05.2025 | 60,66,872/- | 139718802000025 |
| 3 | ചെങ്ങമനാട് പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് | 30.03.2025 | 5 വർഷം | 30.03.2030 | 1,00,000/- | 38332 |
| 4 | ചെങ്ങമനാട് പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് | 21.06.2017 | 10 വർഷം | 21.06.2027 | 46,000/- | 101140010045745 |
| | | | | | 1,22,79,744/- | |

**കുറിപ്പ് 1-വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം**

2023-2024 സാമ്പത്തിക വർഷം ഫിക്സഡ് ഡെപ്പോസിറ്റിനത്തിൽ പലിശ വരവ് 6,88,514/- രൂപയായിരുന്നു. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 6,65,500/- രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാൽ 2023-2024 വാർഷിക ധനകാര്യപത്രിക പ്രകാരം വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം 1,14,59,514/- എന്നതിന് പകരം 1,14,36,500/- എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആയതിനാൽ വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം 1,14,59,514/- രൂപയാണ്.

**കുറിപ്പ് 2**

മുകളിൽ സൂചിപ്പിച്ച സ്ഥിര നിക്ഷേപങ്ങളിൽ ക്രമ നം. 1, 2 ലെ തുകകൾ 2021-22 വർഷത്തിൽ 50 ലക്ഷം വീതം നിക്ഷേപിച്ച തുകയാണ്. ടി സ്ഥിര നിക്ഷേപത്തിന്മേലുള്ള പലിശ നിക്ഷേപത്തുകയോടൊപ്പം പുതുക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. പഞ്ചായത്തിൽ നിന്ന് ലഭിച്ച മറുപടി പ്രകാരം ക്രമ നം.3 ലെ സ്ഥിര നിക്ഷേപം 30.03.2015 ൽ ശ്രീ. രാമചന്ദ്രൻ 5 വർഷത്തേക്കും ക്രമ നം.4 ലെ സ്ഥിരനിക്ഷേപം 21.06.2017 ൽ ശ്രീ. പുല്ലേരി മുരളീധരൻ 10 വർഷത്തേക്കും ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ നടത്തിയ നിക്ഷേപമാണെന്നും പ്രസ്തുത സ്ഥിര നിക്ഷേപത്തിന്മേൽ ലഭിക്കുന്ന പലിശത്തുക വർഷാവർഷം എസ്.എസ്.എൽ.സി/പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം ലഭിക്കുന്ന കുട്ടികൾക്ക് അവാർഡ്ദാനത്തിന് വേണ്ടി ചെലവാക്കുന്നു എന്നും അറിയിച്ചിട്ടുണ്ട്.

## 4-8 ഓഡിറ്റ് റിക്കവറി

തൻ വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | ₹7,06,95,227 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | ₹6,18,06,781 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹5,941/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3,46,580/- |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ചാർജ് ചെയ്യാവുന്നവ | നഷ്ടമായ തുക സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | ₹5,941/- | ശ്രീമതി നബീല എം ബി, അസിസ്റ്റന്റ് എഞ്ചിനീയർ |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 8,000/- | ശ്രീമതി സ്മിത കെ ബി, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-16 | 2,00,000/- | ഡോ. റീജ എൽ . ജെ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-17 | 1,38,580/- | ഡോ. പുഷ്പ വി. വി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| ആകെ | ₹3,46,580/- | |

### (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

### (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

### (ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സ്മിത കെ ബി ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, ആലുവ | പാപ്പായ് വീട് എടയപ്പുറം, ആലുവ പി.ഒ, പിൻ-683101 |
| ശ്രീമതി ഡോ. റീജ എൽ.ജെ. ഹോമിയോ മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ഹോമിയോ, ചെങ്കൽനാട് ഗ്രാമപഞ്ചായത്ത് | ധൻ വില്ല, മേപ്പുക്കട പി ഒ, മലയിൻകീഴ്, പിൻ- 695571 |

| | | |
|---|---|---|
| ഡോ. പുഷ്പ വി വി,<br>മെഡിക്കൽ ഓഫീസർ,<br>സിഎച്ച്സി | മെഡിക്കൽ ഓഫീസർ,<br>സിഎച്ച്സി,<br>ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് | കാളിപറമ്പിൽ വീട്,<br>മഞ്ഞപ്ര,<br>മഞ്ഞപ്ര പി.ഒ,<br>പിൻ- 683581 |
| ശ്രീമതി നബീല എം ബി ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് | ആഞ്ഞിക്കാട്ട് ഹൗസ്,<br>ശ്രീമൂലനഗരം,<br>പിൻ-683580 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി.3) 997/02/07.02.2003/06.05.2003 |
| 2002-03 | എൽ.എഫ്.ഇ(പി.3) 1472/07/28.07.2008/09.12.2008 |
| 2003-04 | എൽ.എഫ്.ഇ (പി.3) 940/10/18.08.2011/17.10.2011 |
| 2006-07 | എൽ.എഫ്.ഇ (പി.3) 1679/08/17.07.2008/06.06.2009 |
| 2007-08 | എൽ.എഫ്.ഇ (പി.3) 1946/08/14.09.2009/04.12.2009 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.ഇ (പി.3) 942/10/14.09.2012/12.12.2012 |
| 2011-12 &2012-13 | എൽ.എഫ്.ഇ (പി.3) 162/14 10.03.2014 |
| 2013-14&<br>2014-15 | എൽ.എഫ്.ഇ (പി.3) 1117/15 17.07.2015 |
| 2016-17 | കെ. എസ് . എ / ഇ.കെ.എം(പി 11) 1876/2017 തീ. 03.10.17 |
| 2017-18 | കെ. എസ് . എ / ഇ.കെ.എം(പി 11) 2079/2018 തീ. 08.10.18 |
| 2018-19 | കെ. എസ് . എ / ഇ.കെ.എം(പി 11) 1685/2019 തീ. 15.11.19 |
| 2019-20 | കെ. എസ് . എ / ഇ.കെ.എം(പി 11) 996/2021 തീയതി 10.09.2021 |
| 2020-21 | കെ. എസ് . എ / ഇ.കെ.എം(പി 11) 997/2021 തീയതി 10.09.2021 |
| 2021-22 | കെ. എസ് . എ / ഇ.കെ.എം(പി 11) 2281/2022 തീയതി 02.03.2023 |
| 2022-23 | കെ. എസ് . എ / ഇ.കെ.എം(പി 11) 1349/2023 തീയതി 24.11.2023 |
| 2023-24 | കെ.എസ്.എ-ഇ.കെ.എം(പി11) 1555/2024 തീയതി 08/11/2024 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 18-06-2025 and submitted on 30-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Chengamanadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Chengamanadu Grama Panchayat as on 31-03-2025

**Date: 03/09/2025**

**Deputy Director**
**District Office Ernakulam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Chengamanadu Grama Panchayat for the Year 2024-2025 .

**1.Major Observations**

1) Jounal voucher entries are not supported by proper source document.

**2.Other Observations**

1) Non inclusion of notes to accounts in financial statements and non disclosure of material

facts.

2) In Cash Flow statement net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

3) Lapses in making Demand entries.

4) Widow pension expense recorded incorrectly.

5) Disability pension expense recorded incorrectly.

6) The Advance allowed to implementing agencies not included in the advance head.

7) The redumption amount to be refunded not included in the balance sheet.

8) NREGA-ÂÂ revenue expenditure is wrongly recorded under the head Administrative expenses.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്